P-11-12-2012-DP-VK-2
9.40-9.50

## അടിയന്തരപ്രമേയം

## രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ വിജിലൻസിനേയും ഭരണ സംവിധാനങ്ങളേയും ദുരുപയോഗപ്പെടുത്തൽ

മി. സ്പീക്കർ: രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ വിജിലൻസിനേയും ഭരണസംവിധാനങ്ങളേയും ദുരുപയോഗപ്പെടുത്തിക്കൊണ്ട് സർക്കാർ കള്ളക്കേസ് കെട്ടിച്ചമച്ചുണ്ടാക്കുകയും യു.ഡി.എഫ്.നേതാക്കന്മാർക്കും മന്ത്രിമാർക്കുമെതിരെയുള്ള കേസ് പിൻവലിക്കാൻ നടപടി എടുത്തുകൊണ്ടിരിക്കുകയും ചെയ്യുന്നതായി പറയപ്പെടുന്ന സ്ഥിതി വിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കോടിയേരി ബാലകൃഷ്ണൻ, വി.എസ്.സുനിൽ കുമാർ, മാത്യൂ റ്റി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, കോടതിയുടെ പരിഗണനയിൽ ഇരിക്കുന്ന കാര്യമായതുകൊണ്ട് നമ്മുടെ റുൾസ് ഓഫ് പ്രൊസീഡ്യൂവർ 284(1) അനുസരിച്ച് ........... സാധാരണഗതിയിൽ അതിൽ നിന്നൊരു വാക്ക് ഞാൻ വായിക്കാം. ........(ബഹളം).......

മി. സ്പീക്കർ: നിങ്ങൾ അസഹിഷ്ണുത കാണിക്കരുത്. ഒന്നു പറയട്ടെ. പ്രതിപക്ഷത്തുള്ള ഒരു കാര്യം സ്പീക്കർ അനുവദിച്ചു. അതുകൊണ്ട് മന്ത്രിക്ക് പറയാൻ പാടില്ല എന്നു പറയാൻ സാധ്യമല്ല.

ശ്രീ. മാത്യൂ റ്റി. തോമസ്: ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ച ഒരു കാര്യത്തെ മന്ത്രിക്ക് ചോദ്യം ചെയ്യാമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ചോദ്യം ചെയ്യുന്നുണ്ടോ ഇല്ലയോ എന്നുള്ളത് പറയുന്നത് കേട്ടതിനുശേഷമല്ലേ മനസ്സിലാകൂ. ഒരു ജുഡ്യൂഷ്യൽ രജിസ്ട്രേഷനകത്ത് പെൻഡിംഗിലിരിക്കുന്ന കാര്യം ചർച്ച ചെയ്യാൻ സാധ്യമല്ല എന്നുള്ളതാണ് 284-നകത്ത് പറയുന്നത്. എങ്കിൽപ്പോലും സ്പീക്കർ അനുവദിച്ചുവെന്നുള്ള ഇവരുടെ ആർഗ്യുമെന്റ് ഞാൻ അംഗീകരിക്കുന്നു. അതോടൊപ്പംതന്നെ പ്രതിപക്ഷ നേതാവിനെക്കൂടി ബന്ധിപ്പിക്കുന്ന കാര്യമാണ് ഇതിനകത്ത് കാണുന്നതെന്നാണ് എനിക്ക് മനസ്സിലാകുന്നത്. ഇവിടെ തന്നിട്ടുള്ള വിശദീകരണക്കുറിപ്പിനകത്ത് യു.ഡി.എഫ്. നേതാക്കന്മാർക്കും മന്ത്രിമാർക്കുമെതിരെയുള്ള വിജിലൻസ് കേസുകളെ സംബന്ധിച്ച് ഒരു പരാമർശമുണ്ട്. ക്രിമിനൽ കേസുകളിൽ രാഷ്ട്രീയം പരിഗണിച്ച് പ്രതികളെ നിശ്ചയിച്ച് രാഷട്രീയമുതലെടുപ്പ് നടത്തുന്ന അത്യന്തം അപകടകരമായ ഒരു സാഹചര്യം എന്നതിനെക്കുറിച്ച് രണ്ടാമത്തെ കാര്യം പറയുന്നുണ്ട്. ഭൂമിദാന കേസിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നുണ്ടായ വിധിയുടെ പരാമർശങ്ങൾ സർക്കാർ വിജിലൻസിനെ എത്രയധികം ബാധിക്കുന്നുവോ അതാണ് പെൻഡിംഗിലുണ്ടെന്ന് ഞാൻ പറഞ്ഞത്. ഈ മൂന്നു കാര്യങ്ങളും ഒരു കാരണവശാലും നിലനിൽക്കുന്ന കാര്യമല്ല. ഇതൊക്കെ സത്യവിരുദ്ധമായ കാര്യങ്ങളാണ്. ഇനി ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് അദ്ദേഹത്തിന് പറയാനുള്ളത് പറയട്ടെ. അതിനുശേഷം മറുപടി പറയാൻ അങ്ങ് എന്നെ അനുവദിച്ചാൽ മതി. ഈ വിഷയം സഭ

നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല എന്നാണ് എന്റെ അഭിപ്രായം. എങ്കിൽപ്പോലും പ്രതിപക്ഷ ഉപനേതാവിന് പറയാനുള്ളത് പറയട്ടെ.

മി. സ്പീക്കർ: അതിപ്പോൾ പറയേണ്ട. അത് രണ്ടാമത് പറഞ്ഞാൽ മതി.

പ്രതിപക്ഷ ഉപനേതാവ് (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, കോടതിയിൽ ഇരിക്കുന്ന കാര്യത്തിന് ഒരു ചർച്ച പാടില്ലെന്ന് ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി പറഞ്ഞു. ഭരണഘടനയിൽ 211 എന്നൊരു വകുപ്പുണ്ട്. അങ്ങ് അത് റഫർ ചെയ്താൽ മതി. ആ 211 -ാം വകുപ്പിന്റെ അടിസ്ഥാന ത്തിൽ മാത്രമേ ഞാൻ ഈ ചർച്ചയിൽ പങ്കെടുക്കുന്നുള്ളൂ. അതിൽ ഉറച്ചുനി ന്നുകൊണ്ടുമാത്രമേ ഞാൻ ഇവിടെ പ്രശ്നങ്ങൾ ഉന്നയിക്കുകയുമുള്ളൂ.

മി. സ്പീക്കർ: ഭരണഘടന വിട്ട് ഒരു കാര്യവുമില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇല്ല സർ. നമ്മുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവറിന്റെ മുകളിലാണല്ലോ ഭരണഘടന. ഭരണഘടനയിൽ വ്യക്തമായി പറയുന്നുണ്ട്. ഭരണഘടനയുടെ ആ വകുപ്പ് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും അറിയാമായിരിക്കും. ഇവിടെ ഇന്ന് ഈ അടിയന്തരപ്ര മേയം കൊണ്ടുവരാൻ കാരണം, ഈ സർക്കാരിന്റെ ജനവിരുദ്ധ നയ ങ്ങൾക്കെതിരായും അഴിമതിക്കെതിരായും പൊരുതുന്ന പ്രതിപക്ഷത്തിന്റെ വായ് മൂടിക്കെട്ടാൻ, പ്രതിപക്ഷ രാഷ്ട്രീയ പാർട്ടിയുടെ പ്രവർത്തനം താറുമാ റാക്കാൻ വിജിലൻസിനേയും പോലീസിനേയും ഉപയോഗിക്കുകയാണ്. ഈ ഗവൺമെന്റിന്റെ നിലനിൽപ്പുതന്നെ വിജിലൻസിനെ ആശ്രയിക്കേണ്ട സ്ഥിതി യിലേയ്ക്കാണ് കാര്യങ്ങൾ ഇപ്പോൾ എത്തിയിരിക്കുന്നത്. അതിന്റെ ഏറ്റവും വലിയ തെളിവാണ് കഴിഞ്ഞ ദിവസം ഹൈക്കോടതി നടത്തിയിട്ടുള്ള പരാമർശം.

(തുടരും)

P-11-12-2012-AJ-VK(1)
9.50-10.00

(ശ്രീ. കോടിയേരി ബാലകൃഷ്ണൻ - തുടർച്ച)

അതിൽ പറയുന്നത് "Some of the features presented in the case are too disturbing and in fact give enough room to generate suspicion that the machinery of vigilance is misused and abused to silence a political opponent framing a case against him on false and frivolous allegations unworthy of any merit." ഇത് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിരീക്ഷണമാണ്. പ്രതിപക്ഷത്തുള്ള നേതാക്കന്മാരുടെ വായ്മൂടിക്കെട്ടാൻ എങ്ങനെയാണ് പ്രശ്നങ്ങളിൽ ഇടപെടുന്നത് എന്നതിനെ സംബന്ധിച്ച് നടത്തിയിട്ടുള്ള നിരീക്ഷണങ്ങൾ ഈ ഗവൺമെന്റിന്റെ കണ്ണ് തുറപ്പിക്കണം. അതിൽ പറഞ്ഞു, രാഷ്ട്രീയ പ്രതിയോഗിയെ നിശബ്ദനാക്കാൻ വിജിലൻസ് അന്വേഷണ വിഭാഗത്തെ ദുരുപയോഗപ്പെടുത്തരുത്. ഇത് ഈ ഗവൺമെന്റിനേറ്റിട്ടുള്ള ഒരു അടിയാണ്. രണ്ടാമതായി പറഞ്ഞു, വിജിലൻസിനെ ദുരുപയോഗപ്പെടുത്തിയാണ് ശ്രീ. വി.എസ്. അച്ചുതാനന്ദനെ പ്രതിയാക്കിയതെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അന്വേഷണ ഉദ്യോഗസ്ഥൻ ദുരുദ്ദേശപരമായി എടുത്തിട്ടുള്ള കേസ്സാണ് ഇതെന്ന ആരോപണത്തിൽ വേണ്ടത്ര ബലമുണ്ട്. കേസ്സ് അന്വേഷിച്ച ആളിന് ക്രിമിനൽ അന്വേഷണത്തിന്റെ പ്രാഥമികതത്വം പോലുമറിയില്ല. മൊഴി നൽകിയ ഒരു ഉദ്യോഗസ്ഥന്റെ നട്ടെല്ല് റബ്ബറിനെക്കാൾ അയവുള്ളതാണ്. എങ്ങനെയാണ് കേസ് രജിസ്റ്റർ ചെയ്തത് എന്നുള്ളതിന്റെ രീതിയാണിത്. കള്ളക്കേസിൽ ഒരാളെ കുടുക്കിയശേഷം അദ്ദേഹത്തെ ആണിയ

ടിച്ച് തറച്ചുവയ്ക്കാൻ ഒരു കുരിശ്ശ് കണ്ടെത്തുകയാണ് വിജിലൻസ് ചെയ്തിട്ടുള്ളത്. മലയാള മനോരമ പത്രത്തിലാണ് ഇത് സംബന്ധിച്ച് ശരിയായിട്ടുള്ള ട്രാൻസിലേഷൻ വന്നത്. കുരിശ്ശിലേറ്റാൻ ആളെ കണ്ടെത്തുകയും കുരിശ്ശ് തയ്യാറാക്കുകയും ചെയ്തശേഷം ആണി അന്വേഷിക്കുകയല്ലേ? ആണിക്ക് എത്ര ബലമുണ്ടായാലും മരത്തിന് ബലമില്ലെങ്കിൽ തകർന്നടിയും, ഹൈക്കോടതിയുടെ നിരീക്ഷണമാണിത്. ഈ ഗവൺമെന്റ് ഓരോരുത്തരേയും കണ്ടെത്തി അതിനുവേണ്ടിയുള്ള ആണിയും കുരിശ്ശുമെല്ലാം തയ്യാറാക്കിവച്ച് ആളെ കണ്ടെത്താൻവേണ്ടി നടത്തുന്ന പരിപാടിയാണ് ഇവിടെ നടന്നുകൊണ്ടിരിക്കുന്നത്. അതിനുവേണ്ടി വിജിലൻസിനെ ഉപയോഗിക്കുന്നു, പോലീസിനെ ഉപയോഗിക്കുന്നു. പ്രതിപക്ഷ നേതാവിനെതിരായി ഉണ്ടാക്കിയ കേസ്സിന്റെ വസ്തുത ഇപ്പോൾ മനസ്സിലായില്ലേ? വിമുക്തഭടൻ എന്ന നിലയിൽ 1977-ൽ യു.ഡി.എഫ്. ഗവൺമെന്റാണ് ശ്രീ. ടി. കെ. സോമന് ഭൂമി നൽകിയത്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ആ കേസ്സിന്റെ മെരിറ്റിലേക്ക് പോകുകയാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതിന്റെ മെരിറ്റിലേക്ക് പോകുകയല്ല. ഈ കേസ്സ് ഇവിടെ ചർച്ച ചെയ്തതല്ലേ? ജഡ്ജിയെ വിമർശിക്കാൻ പാടില്ല എന്നുമാത്രമേ ഭരണഘടനയിൽ പറയുന്നുള്ളൂ. ശ്രീ. സോമൻ മുഖ്യമന്ത്രിയെ സമീപിക്കുമ്പോൾ 1977-ൽ അനുവദിക്കപ്പെട്ട ഭൂമിയുടെ പകരം ഭൂമിയാണെന്ന് കരുതി ഇളവ് പരിഗണിക്കാൻ ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചെങ്കിൽ അത് സത്യസന്ധതയില്ലായ്മയല്ല എന്നാണ് ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിരിക്കുന്നത്. പെരുമാറ്റത്തിനുപിന്നിൽ കളങ്കപ്പെട്ട

മനസ്സുണ്ടോ എന്നാണ് നോക്കേണ്ടത് എന്നാണ് ഇപ്പോൾ ബഹുമാനപ്പെട്ട ഹൈക്കോടതി പറയുന്നത്. പകരം ഭൂമി നൽകാൻ തീരുമാനിച്ചത് 26.11.2009 -ൽ കാസർഗോഡ് താലൂക്കിൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റിയാണ്. അതിന്റെ അംഗമാരാണ് - ലീഗിന്റെ നേതാവ് ശ്രീ. സി.പി. അഹമ്മദ് അലി. വി.എസ്. ഗവൺമെന്റ് ഇളവുകൊടുത്തുകൊണ്ട് ഒരു ഉത്തരവും പുറപ്പെടുവിച്ചിട്ടില്ല. അങ്ങനെയിരിക്കെയാണ് ഹൈക്കോടതി പറയുന്നത്, ‘Fixing the man and getting the cross ready for crucifixion’. ഇത് ഫലപ്രദമായി ഈ കേസ്സിൽ നടപ്പിലാക്കിയെന്നാണ് ഇതിൽ പറയുന്നത്. ഈ വിധി വന്നതോടുകൂടി സർക്കാരിന് ഉടുതുണി നഷ്ടപ്പെട്ട അവസ്ഥയായില്ലേ? എങ്ങനെയാണ് ഇത്തരത്തിലുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നത് എന്ന് തെളിയിച്ചില്ലേ? സിംഗിൾ ബഞ്ചിന്റെ വിധി സ്റ്റേ ചെയ്യാൻ സർക്കാർ ഡിവിഷൻ ബഞ്ചിനെ സമീപിച്ചു. അസാധാരണമായ തിടുക്കമല്ലേ ഇവിടെ കാണിച്ചത്? ‘അതിവേഗം ബഹുദൂരം’ എന്ന ശ്രീ. ഉമ്മൻ ചാണ്ടിയുടെ നയം ഈ ഒരു കാര്യത്തിൽ മാത്രമാണ് കേരളത്തിൽ നടപ്പിലാക്കിയത്. സാധാരണ ഗതിയിൽ ഇത്തരം അപ്പീലുകൾ ഫയൽ ചെയ്യുന്നതിലുള്ള നടപടികളെല്ലാം ഇവിടെ ലംഘിച്ചിട്ടുണ്ട്. 54 പേജുള്ള വിധിയുടെ പകർപ്പ് കക്ഷികൾക്ക് കിട്ടുന്നതിന് മുമ്പാണ് സർക്കാർ അപ്പീൽ ഫയൽ ചെയ്തത്. മുമ്പ് ഇങ്ങനെയൊരു സ്ഥിതിയുണ്ടായിട്ടുണ്ടോ? വിധിയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ഹാജരാക്കുന്ന രേഖകളുടെ ഇംഗ്ലീഷ് തർജ്ജിമയും ഹാജരാക്കാതെ ക്രമവിരുദ്ധമായാണ് അപ്പീൽ നടപടി സ്വീകരിച്ചത്. അഡ്വക്കേറ്റ് ജനറലും സർക്കാരും കോടതിയിൽ സാധാരണ ജനങ്ങൾക്കുള്ള വിശ്വാസ്യത നിലനിർത്തുന്ന വിധത്തിൽ പെരുമാറണം. അതിൽനിന്നും വ്യത്യസ്ഥമായ നിലയിൽ ഇവിടെ

ഇടപെട്ടു എന്നതാണ് ഇവിടെയുണ്ടായിട്ടുള്ള പ്രശ്നം. ഒരു ഭാഗത്ത് പ്രതിപക്ഷ നേതാവിനെയും പ്രതിപക്ഷത്തെയും ഇങ്ങനെ കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന സർക്കാർ മറുഭാഗത്ത് ചെയ്യുന്നതെന്താണ്? അതാണ് ഞാൻ നോട്ടീസിൽ പറഞ്ഞിരിക്കുന്നത്, ഗവൺമെന്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന മന്ത്രിമാരുടെ പേരിലുള്ള വിജിലൻസ് കേസ്സുകൾ ഓരോ ന്നോരോന്നായി അട്ടിമറിക്കുകയാണ്. ശ്രീ. എം.കെ. മുനീറിന്റെ പേരിലുള്ള വിജിലൻസ് കേസ്സ് തുടരന്വേഷണത്തിനുവേണ്ടി കോടതിയുടെ അനുമതി വാങ്ങി, അത് പിൻവലിക്കാൻ തീരുമാനമെടുത്ത് ഇപ്പോൾ നടപടികളിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ശ്രീ. അടൂർ പ്രകാശിന്റെ പേരിലുള്ള വിജി ലൻസ് കേസ്സിൽ ഫർദർ ഇൻവെസ്റ്റിഗേഷന് കോടതിയോട് ആവശ്യപ്പെട്ടു, വിജിലൻസിനെ ഉപയോഗിച്ചുകൊണ്ട് ആ കേസ്സും അട്ടിമറിക്കാൻവേണ്ടി തീരുമാനിച്ചു. തൊടിയൂരിലെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായിരുന്ന ഒരു കോൺഗ്രസ്സ്-(ഐ) യിലെ വനിതയുടെ പേരിൽ ചാർജ്ജ് ചെയ്ത കേസ്സ് പിൻവലിക്കാൻ ഉത്തരവിട്ടു. പക്ഷെ തിരുവനന്തപുരം വിജിലൻസ് കോടതി അത് നിരാകരിച്ചു. ഈ ഗവൺമെന്റ് വിജിലൻസിനെ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത് എന്നതിന്റെ ഫലമാണ് കോടതി എടുത്ത ഈ നില പാട്. 500 കോടി രൂപയുടെ അഴിമതിക്കേസ്സാണ് സൈൻബോർഡ് അഴിമതി ക്കേസ്സ്. അതിനെക്കുറിച്ച് നിയമസഭയിൽ ടി.എം. ജേക്കബ് നടത്തിയ പ്രസം ഗത്തിന്റെ കോപ്പി എന്റെ കൈവശമുണ്ട്. ടി.എം. ജേക്കബ് ഇവിടെ നടത്തിയ പ്രസംഗത്തിൽ പറയുന്നത് 735 കോടി രൂപയുടെ തിരിമറിയാണ് ശ്രീ. ഉമ്മൻ ചാണ്ടി നടത്തിയിരിക്കുന്നത് എന്നാണ്. ശ്രീ. സെൻകുമാറിന്റെ കണക്കു പ്രകാരം 500 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഇത് ടി.എം. ജേക്കബ് ഞങ്ങളുടെ കൂടെയിരുന്നിരുന്ന സന്ദർഭത്തിൽ അവിശ്വാസപ്രമേയത്തിൽ

പങ്കെടുത്തുകൊണ്ട് ശ്രീ. ഉമ്മൻ ചാണ്ടിക്കെതിരായി പറഞ്ഞതാണ്. ആ സൈൻബോർഡ് കേസ്സ് പിൻവലിക്കാൻ അന്നും മുഖ്യമന്ത്രിയായിരുന്ന കാലത്ത് ശ്രീ. ഉമ്മൻ ചാണ്ടി ശ്രമിച്ചു. ഇപ്പോൾ വീണ്ടും മുഖ്യമന്ത്രിയായ സമയത്ത് സൈൻബോർഡ് കേസ്സ് പിൻവലിക്കാൻവേണ്ടി കോടതിയുടെ അനുമതി തേടി. തിരുവനന്തപുരം വിജിലൻസ് കോടതി അത് അംഗീ കരിച്ചില്ല. പാമോയിൽ കേസ്സിന്റെ തുടരന്വേഷണത്തിന് കോടതി ഉത്തരവിട്ടു. ആ തുടരന്വേഷണ നടപടി അട്ടിമറിച്ചു. ആ അന്വേഷണം ശരിയായ ദിശ യിൽ നടന്നിരുന്നുവെങ്കിൽ.......

മി. സ്പീക്കർ: ഇതെല്ലാം ഒരുപാട് പ്രാവശ്യം ഇവിടെ പറഞ്ഞിട്ടുള്ള താണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, വിജിലൻസിനെ എങ്ങനെ ഉപയോഗിക്കുന്നു എന്നുള്ളത് ബഹുമാനപ്പെട്ട വിജിലൻസ് മന്ത്രിക്ക് മനസ്സി ലാകണമെങ്കിൽ ഈ കാര്യങ്ങൾ ഇവിടെ അവതരിപ്പിക്കേണ്ടേ? ആ കേസ്സ് ശരിയായ രീതിയിൽ അന്വേഷിച്ചിരുന്നുവെങ്കിൽ, നടപടികളുമായി മുന്നോട്ടു പോയിരുന്നുവെങ്കിൽ ശ്രീ. ഉമ്മൻ ചാണ്ടി ആ കേസ്സിൽ പ്രതിയാകുമായിരു ന്നില്ലേ? നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെ എന്ന നിലപാട് സ്വീകരിച്ച മുഖ്യമന്ത്രി വിജിലൻസ് വകുപ്പിനെ ഉപയോഗിച്ചുകൊണ്ടല്ലേ ആ കേസ്സ് ഇപ്പോൾ അട്ടിമറിച്ചിരിക്കുന്നത്. പാമോയിൽ കേസ്സിന്റെ കാര്യം ഈ സ്ഥിതി യിലായില്ലേ? വിധി പറഞ്ഞ ജഡ്ജി ശ്രീ. പി. കെ. ഹനീഫയ്ക്ക് തിരുവനന്ത പുരത്തുനിന്ന് നാടുവിട്ട് പോകേണ്ടിവന്നില്ലേ? ശ്രീ. പി.സി. ജോർജ്ജ് ഇവിടെ യുള്ളിടത്തോളം കാലം ഒരു ജഡ്ജിമാർക്കും ഈ നാട്ടിൽ ജീവിക്കാൻ സാധി ക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ആ ജഡ്ജിയെത്തന്നെ നാടുകടത്തി.......

മി. സ്പീക്കർ: രാവിലെതന്നെ പ്രകോപിപ്പിക്കുകയാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമം നിയമത്തിന്റെ വഴിക്ക് പോയോ? യു.ഡി.എഫ്. നേതാക്കന്മാർക്കെതിരായിട്ടുള്ള വിജിലൻസ് കേസ്സുകൾ എട്ടെണ്ണം പിൻവലിച്ചില്ലേ? കേരളത്തിലെ പ്രധാന പ്രതിപക്ഷത്തെ നേതാക്കന്മാരെ ഓരോരുത്തരെയായി കുടുക്കിയിടാൻ നടത്തുന്ന ഗൂഢവിദ്യ നിങ്ങൾ എത്രകാലം നടത്തും? മുമ്പ് യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലുണ്ടായിരുന്ന കാലത്താണ് എസ്.എൻ.സി. ലാവ്ലിൻ കേസ്സ് ഉണ്ടായത്. അത് വിജിലൻസിന് കൊടുത്തു. വിജിലൻസ് അന്വേഷിച്ചിട്ട് പറഞ്ഞു, അതിനകത്ത് ഒന്നും കാണാനില്ല. അന്നത്തെ ഇലക്ട്രിസിറ്റി മന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയനെതിരായ ഒരു ആരോപണവും വിജിലൻസിന് തെളിയിക്കാൻ സാധിച്ചില്ല. അങ്ങനെ വന്നപ്പോൾ ആ കേസ്സ് സി.ബി.ഐ.-ക്ക് വിട്ടു. ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് എസ്.എൻ.സി. ലാവ്ലിൻ കേസ്സ് സി.ബി.ഐ.-ക്ക് വിട്ടത്. സി.ബി.ഐ. ആദ്യം ഒന്നും ചെയ്തില്ല, ഇടതുപക്ഷ പാർട്ടികൾ യു.പി.എ. മന്ത്രിസഭയ്ക്ക് പിന്തുണ പിൻവലിക്കുന്നതുവരെ ശ്രീ. പിണറായി വിജയനെ സി.ബി.ഐ. കേസ്സിൽ പ്രതിചേർത്തില്ല. ഇടതുപക്ഷ പാർട്ടികൾ പിന്തുണ പിൻവലിച്ചതിനുശേഷം ശ്രീ. പിണറായി വിജയനെ സി.ബി.ഐ. ആ കേസ്സിൽ പ്രതിയാക്കി. കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്ന സമീപനം ഇതാണ്. കേന്ദ്രത്തിൽ ഇപ്പോഴത്തെ മന്ത്രിസഭ നിലനിൽക്കുന്നത് സി.ബി.ഐ.-യുടെ ബലത്തിലാണ്. ഇവിടെ വിജിലൻസിന്റെ ബലത്തിലും. രണ്ടു കൂട്ടർക്കും നിലനിൽക്കണമെങ്കിൽ സി.ബി.ഐ. വേണം, വിജിലൻസ് വേണം എന്ന ഒരു സ്ഥിതി ഇവിടെയുണ്ടായില്ലേ? ഇവിടെ എത്രയെത്ര രാഷ്ട്രീയ നേതാക്കന്മാരെയാണ് ജയിലിൽ വച്ചിരിക്കുന്നത്? പ്രതിപക്ഷത്തെ ഇങ്ങനെ വേട്ടയാടുന്ന സർക്കാർ ഇതിനുമുമ്പ് കേരളത്തിൽ ഉണ്ടായിട്ടുണ്ടോ? ഇതിനുമുമ്പ് ധാരാളം ഗവൺമെന്റുകൾ

കേരളം ഭരിച്ചിട്ടുണ്ട്. അടിയന്തിരാവസ്ഥയ്ക്കുശേഷം കേരളത്തിൽ ഇങ്ങനെ പ്രതിപക്ഷത്തോട് നിലപാട് സ്വീകരിച്ച ഒരു ഗവൺമെന്റില്ല. സി.പി.എം.-ന്റെ സമുന്നതനായ നേതാവ് ശ്രീ. പി. ജയരാജനെ കേസ്സിൽപ്പെടുത്താൻവേണ്ടി, ഗൂഢാലോചനപോലും കണ്ടുപിടിക്കാൻ കഴിയാതെ വന്നപ്പോൾ ഐ.പി.സി 118, ഇത് ആർക്കെങ്കിലുമെതിരായി ഉപയോഗിച്ചിട്ടുണ്ടോ? അതുപയോഗിച്ചു കൊണ്ട് ശ്രീ. പി. ജയരാജനെ ജയിലിലിട്ടു. ഈ സഭയിലെ അംഗമായ ശ്രീ. ടി.വി രാജേഷിനെ ഐ.പി.സി. 118 ഉപയോഗിച്ച് ജയിലിലിട്ടു. സി.പി.എം. -ന്റെ ജില്ലാ സെക്രട്ടേറിയറ്റ് മെമ്പർ ശ്രീ. കാരായി രാജനെ ജയിലിലിട്ടു, ജാമ്യം കൊടുത്തില്ല. സി.പി.എം.-ന്റെ കോഴിക്കോട് ജില്ലാ സെക്രട്ടേറിയറ്റ് മെമ്പർ ശ്രീ. മോഹനൻ മാസ്റ്ററെ കോഴിക്കോട് വച്ച് അറസ്റ്റ് ചെയ്ത് ജയിലിലി ട്ടു, ജാമ്യം പോലും കൊടുക്കുന്നില്ല. വിചാരണത്തടവുകാർ എന്ന നിലയിൽ സി.പി.എം.-ന്റെ ആളുകൾ പ്രതികളായാൽ അവരെ ഓരോരുത്തരേയും ജയി ലിൽവച്ച് കേസ്സ് നീട്ടിക്കൊണ്ടുപോയി പീഡിപ്പിക്കുന്ന സമീപനം ഇവിടെ സ്വീ കരിക്കുകയാണ്. ഒരു പ്രസംഗം നടത്തി എന്നതിന്റെ പേരിൽ ശ്രീ. എം.എം. മണിയെ പിടിച്ച് ജയിലിലിട്ടു.

(ശ്രീ. കോടിയേരി ബാലകൃഷ്ണൻ - തുടരും)

11.12.12
10.00-10.10 VN/SP-1

(ശ്രീ. കോടിയേരി ബാലകൃഷ്ണൻ....തുടർച്ച)

ഒരു പ്രസംഗം നടത്തിയതിന്റെ പേരിലാണ് ശ്രീ. എം.എം മണിയെ പിടിച്ച് ജയിലിൽ ഇട്ടത്. ശ്രീ. എം.എം. മണിയെ പിടികൂടാൻ ഓപ്പറേഷൻ റിംഗ് ടോൺ എന്നു പേരിട്ടു. അന്നു തന്നെയാണ് മുംബൈയിൽ കസബിനെ തൂക്കിക്കൊല്ലുന്നത്. അതിന് കേന്ദ്രമന്ത്രി പേരിട്ടത് ഓപ്പറേഷൻ എക്സ് എന്നാണ്. ഇവിടെ ശ്രീ.

തിരുവഞ്ചൂർ രാധാകൃഷ്ണന്റെ വക ഓപ്പറേഷൻ റിംഗ് ടോൺ. ഈ റിംഗ് ടോൺ എന്തു കൊണ്ടാണ് ശ്രീ. കെ. സുധാകരനെതിരെ പ്രയോഗിക്കാത്തത്. ഈ റിംഗ് ടോൺ എന്തുകൊണ്ടാണ് ശ്രീ. പി. കെ. ബഷീറിനെതിരായി. പ്രയോഗിക്കാത്തത്. ഇരട്ട കൊലക്കേസിൽ പ്രതിയായി എഫ്.ഐ.ആറിൽ ആറാം പേരുള്ള ആളെപോലും സംരക്ഷിക്കുന്ന ഒരു സർക്കാരാണ് ഇവിടെ ഭരണം നടത്തിക്കൊണ്ടിരിക്കുന്നത്. ഇവിടെ ശ്രീ. സുധാകരനെതിരെ കേസില്ല. ശ്രീ. സുധാകരനെതിരെ അയാളുടെ പങ്ക് വ്യക്തമാക്കുന്ന എത്ര വെളിപ്പെടുത്തലുകൾ നടത്തി.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നാൽപ്പാടി വാസു കേസ്സിൽ തുടരന്വേഷണം നടത്താൻ തയ്യാറാണെന്ന് ഇപ്പോൾ മന്ത്രി പറഞ്ഞു. നാൽപ്പാടി വാസു കേസ് പുനരന്വേഷിക്കാൻ ഈ ഗവൺമെന്റിന് കഴിയില്ല എന്ന് ശ്രീ.സുധാകരൻ വെല്ലുവിളിച്ചു. ശ്രീ. സുധാകരനെ കാണുമ്പോൾ നാടാടിയടിക്കുന്ന മന്ത്രി സഭയാണെങ്കിൽ ഇവിടെ എങ്ങനെയാണ് സർ നിയമം നടപ്പിലാക്കാൻ പോകുന്നത്. ശ്രീ. പി.കെ രജീഷിനെ പിടികൂടി ഭീകരമായി മർദ്ധിച്ചു. അയാളിൽ നിന്നെടുത്ത മൊഴി എന്ന് പറഞ്ഞുകൊണ്ട് ഇപ്പോൾ ജയകൃഷ്ണൻ കേസ് കുത്തിപ്പൊക്കി കുറെ ആളുകളെ പിടിച്ച് ജയിലിൽ വയ്ക്കാൻ പോകുന്നു എന്നാണ് വാർത്ത. ആ കേസ് ബഹുമാനപ്പെട്ട സുപ്രീം കോടതി വരെ കൈകാര്യം ചെയ്തതാണ്. 10 - 30 കൊല്ലം മുമ്പ് ബഹുമാനപ്പെട്ട സുപ്രീം കോടതി വരെ കൈകാര്യം ചെയ്ത കേസ് ഓരോന്നോരോന്നായി തുടരന്വേഷണത്തിന് വച്ചാൽ അപകടകരമായൊരു സ്ഥിതിയുണ്ടാവും.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്...... എല്ലാം പറയണമെന്നു വച്ചാൽ അത് സാധ്യമല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഓരോ കേസും തുടരന്വേഷണത്തിന് വച്ചാൽ കുടത്തിൽ നിന്ന് ഭൂതത്തെ തുറന്നു വിട്ട അവസ്ഥ വരും. ഇവിടെ എല്ലാ കാലത്തും ശ്രീ. ഉമ്മൻ ചാണ്ടിയാണോ കേരളം ഭരിക്കാൻ പോകുന്നത്. എല്ലാ കാലത്തും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനാണോ കേരളത്തിന്റെ ആഭ്യന്തര മന്ത്രിയായിരിക്കാൻ പോകുന്നത്. കാലം മാറും. ഗവൺമെന്റ് മാറും. എല്ലാ കേസുകളും തുടരന്വേഷണത്തിന് വിധേയമാക്കിയാൽ എത്ര യു.ഡി.എഫ് നേതാക്കൻമാർ ഇതുപോലെ ജയിലിൽ കിടക്കേണ്ടിവരും. രാഷ്ട്രീയ വൈരനിര്യാതന സമീപനം പ്രതിപക്ഷത്തോട് സ്വീകരിക്കരുത്. ഈ കേരളം കണ്ട ഏറ്റവും വലിയ മർദ്ദനം നടത്തിയ മുഖ്യമന്ത്രിയായി പേരുകേട്ട കെ. കരുണാകരൻ പോലും സ്വീകരിക്കാത്ത സമീപനം ഇവിടെ ഇടതുപക്ഷത്തോട് സ്വീകരിച്ചതിന്റെ യുക്തി എന്താണ്?

മി. സ്പീക്കർ: അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: രണ്ടോ മൂന്നോ എം.എൽ.എമാരുടെ ഭൂരിപക്ഷം മാത്രമുള്ളൊരു സർക്കാരിന് ഇത്തരം നടപടികൾക്കെതിരായി ആഞ്ഞു വരുന്ന ബഹുജനരോഷം  തടഞ്ഞു നിർത്താൻ ഞങ്ങളെ ഓരോരുത്തരെയും ജയിലിലേക്ക് പറഞ്ഞ് വിടണം.  വിലക്കയറ്റത്തിനെതിരായി സമരം ചെയ്യുന്നവരെ, നിയമന നിരോധനത്തിനെതിരായി സമരം ചെയ്യുന്നവരെയൊക്കെ ജയിലിലടച്ച് കേരളം ഭരിക്കണം എന്നാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്?

മി. സ്പീക്കർ: എല്ലാ വിഷയങ്ങളും ഇങ്ങനെ സംസാരിക്കാൻ സാധ്യമല്ല. അതുകൊണ്ട് സഭ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെടൂ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട ചെയർ ഇതിൽ ഇടപെടണം. ഇവിടെ പ്രതിപക്ഷത്തിന് നീതികിട്ടണം. നീതിന്യായ നിർവ്വഹണം നിഷ്പക്ഷമായി നടത്തണം. സർ, നിഷ്പക്ഷമായി ഇവിടെ നടക്കുന്നില്ല എന്ന് ഹൈക്കോടതി തന്നെ പറഞ്ഞു കഴിഞ്ഞു. വിജിലൻസ് കോടതികൾ പറയുന്നു. അവിടെ വരുന്ന എല്ലാ കേസുകളും തള്ളിക്കൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ നിഷ്പക്ഷമായ നീതി നിർവ്വഹണത്തിന് വേണ്ടി ഞങ്ങൾ എവിടെയാണ് പോരാടേണ്ടത്. മുഖ്യമന്ത്രിയോട് പറഞ്ഞാലോ ആഭ്യന്തര മന്ത്രിയോട് പറഞ്ഞാലോ കേൾക്കാത്ത സാഹചര്യത്തിൽ ഞങ്ങൾക്ക് പറയാനൊരിടം ഇവിടെ മാത്രമാണ് സർ ഉള്ളത്. അതിനെ നിഷേധിക്കരുത്.

മി. സ്പീക്കർ: ശ്രീ കോടിയേരി, അതുകൊണ്ടാണ് പതിനഞ്ചു മിനിട്ട് അനുവദിച്ചത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: വളരെ ഗുരുതരമായ സ്ഥിതി വിശേഷം സംസ്ഥാനത്ത് വന്ന സാഹചര്യത്തിൽ ഇന്നത്തെ സഭാ നടപടികൾ നിറുത്തിവച്ച് ഇത് ചർച്ച ചെയ്യണം. ബഹുമാനപ്പെട്ട ആഭ്യന്തരമന്ത്രി എന്റെ സംസാരം കേൾക്കുന്നതിന് മുൻപ് തന്നെ തീരുമാനവുമായിട്ടാണ് ഇവിടെ വന്നിരിക്കുന്നത്. ഗവൺമെന്റ് അങ്ങനെ ചെയ്യാൻപാടില്ല. ഈ പ്രശ്നത്തിന്റെ മെറിറ്റ് നോക്കി ഒരു നിലപാടെടുക്കാൻ സർക്കാർ തയ്യാറല്ല. നിങ്ങൾ എന്തു വേണമെങ്കിലും പറഞ്ഞോ ഞങ്ങൾ ഇതിന് ചർച്ചയ്ക്കു പോലും തയ്യാറില്ല എന്ന സമീപനത്തോട് ബഹുമാനപ്പെട്ട സ്പീക്കർ യോജിക്കുന്നുണ്ടോ?

മി. സ്പീക്കർ: സഭ നിർത്തി വയ്ക്കണമെന്ന് അങ്ങ് ആവശ്യപ്പെട്ടു കഴിഞ്ഞു. അപ്പോൾ അദ്ദേഹം മറുപടി പറയട്ടെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അവർ നേരത്തെ തീരുമാനമെടുത്തിട്ടാണ് വന്നിരിക്കുന്നത്. സഭയിൽ ചർച്ച നടക്കട്ടെയെന്ന്. ബഹുമാനപ്പെട്ട ചെയർ പറഞ്ഞു. അതിന് വിരുദ്ധമായി ഗവൺമെന്റ് പെരുമാറിയാൽ......

മി. സ്പീക്കർ: ചർച്ച നടക്കണമെന്ന് പറഞ്ഞത് ചട്ട വിരുദ്ധമായല്ല

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെയെല്ലാം ചട്ട പ്രകാരം നടക്കുന്നതുകൊണ്ടാണ് ഞങ്ങളിത്ര മാന്യൻമാരായി ഇവിടെ ഇരിക്കുന്നത്. ചട്ടമൊന്നും വേണ്ട എന്ന് തീരുമാനിച്ചാൽ ഇങ്ങനെയല്ല. ചട്ടപ്രകാരം കാര്യങ്ങൾ നടക്കട്ടെ. പക്ഷെ അതുകൊണ്ട് ഞങ്ങൾക്കൊന്നു വേണം ഈ രാജ്യത്തെ പൗരൻമാരെന്നുള്ള നിലയിൽ. ഞങ്ങൾക്കുള്ള അവകാശം പ്രതിപക്ഷത്തിനനുവദിച്ചു കിട്ടണം. പ്രതിപക്ഷത്തെ വേട്ടയാടാൻ വേണ്ടിയാണ് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നതെങ്കിൽ എന്ത് ത്യാഗം സഹിച്ചും ഞങ്ങൾ പ്രതിരോധിക്കും എന്ന് സൂചിപ്പിച്ചു കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)

**രാഷ്ട്രീയ പ്രതിയോഗികൾക്കെതിരെ വിജിലൻസിനെയും ഭരണ-സംവിധാനങ്ങളെയും ദുരുപയോഗപ്പെടുത്തൽ**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, റൂൾ 50 അനുസരിച്ച് ഒരു സിംഗിൾ ഇൻസ്റ്റന്റിനെക്കുറിച്ച് ചർച്ച ചെയ്യണമെന്നാണ് നിബന്ധന. ആ നിബന്ധന വിട്ട്.......(ബഹളം)...... എനിക്കതിന് മറു വാദഗതികളില്ല. തുടങ്ങുന്നതിന് മുമ്പ് ബഹളമായാൽ ഞാൻ എന്താണ് ചെയ്യുക. സർ, ഞാൻ അങ്ങയോട് സംസാരിക്കാം. ഒൻപത് കാര്യങ്ങളെക്കുറിച്ച് അദ്ദേഹം സൂചിപ്പിച്ചിട്ടുണ്ട്. സ്വാഭാവികമായും അതിനെക്കുറിച്ച് പരാമർശിക്കുന്ന സമയത്ത് എനിക്ക് അതിനുള്ള സമയം തരണമെന്ന്

പറയാൻ വേണ്ടിയാണ്. ഞാനത് ഓർമ്മിപ്പിച്ചത്. ഈ ഒൻപത് കാര്യങ്ങളെക്കുറിച്ച് സംസാരിച്ചിട്ടും ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് സംസാരിക്കാത്ത ഒരു കാര്യം മാത്രമുണ്ട്. ഈ കോടതിയുടെ വിധി വന്നപ്പോൾ നമ്മുടെ പ്രതിപക്ഷ നേതാവിന്റെ സ്പൊണ്ടേനിയസായിട്ടുള്ള കമന്റ് വന്നു. എന്റെ കയ്യിൽ പത്രങ്ങളുണ്ട്. പ്രതിപക്ഷ സ്ഥാനത്തു നിന്ന് അദ്ദേഹത്തെ നീക്കാൻ ഗൂഡാലോചന നടത്തി എന്നാണ് പറഞ്ഞിരിക്കുന്നത് .........(ബഹളം)....... സർ, എനിക്കൊരു ചോദ്യമുണ്ട്..........(ബഹളം)...........

<u>മി. സ്പീക്കർ</u>: പ്ലീസ്..... പ്ലീസ്..... ശ്രീ കോടിയരി ബാലകൃഷ്ണൻ പറഞ്ഞ കാര്യങ്ങളെല്ലാം സഭയിൽ അദ്ദേഹം കേട്ടുകൊണ്ടിരുന്നു. ബഹുമാനപ്പെട്ട അഭ്യന്തര വകുപ്പുമന്ത്രിക്ക് മറുപടി പറയണ്ടേ. അദ്ദേഹം പറയട്ടെ .......(ബഹളം).......... അങ്ങനെ ഇരു കൂട്ടരും അസ്വസ്ഥരാകണ്ട....... (ബഹളം)......പ്ലീസ്......പ്ലീസ്......

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: ഈ ഒൻപത് കാര്യങ്ങളെക്കുറിച്ച് പറഞ്ഞിട്ടും ഇതിനെക്കുറിച്ച് മാത്രം പരാമർശിക്കാത്തതെന്തുകൊണ്ടെന്ന് എനിക്ക് തോന്നിയ സ്വാഭാവികമായ സംശയം ഞാൻ ചോദിച്ചപ്പോൾ തന്നെ ഇതാണ് പ്രശ്നം. ഇവിടെ ഈ കേസിന്റെ കാര്യങ്ങളെക്കുറിച്ച് പറഞ്ഞല്ലോ. കേസിന്റെ മെറിറ്റിൽ കടക്കരുതെന്നായിരുന്നു എന്റെ ആഗ്രഹം. ഈ ഒൻപത് കാര്യങ്ങൾ പറഞ്ഞപ്പോൾ സ്വാഭാവികമായി എനിക്കതിനെക്കുറിച്ച് പരാമർശിക്കാതിരിക്കാൻ നിവൃത്തിയില്ല. ശ്രീ. വി.എസ്. അച്ചുതാനന്ദൻ 226 ഡബ്ല്യു. പി.സി യായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കൊടുത്ത കേസിന് മുമ്പ് അതേ പ്രേയറിന് വേണ്ടി തന്നെ, ഹൈക്കോടതി സിംഗിൾ ബഞ്ചിൽ ഡബ്ല്യൂ.പി. സി 4903/2012, സി.എം.പി 668/12 എന്ന രണ്ടു കേസുകൾ ആ

കേസിലെ പ്രതികളായ സുരേഷും സോമനും കൊടുത്തിട്ടുണ്ട്. ഹൈക്കോടതി സിംഗിൾ ബഞ്ച് അത് കേട്ടതിന് ശേഷം കേസ് തള്ളി. ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ അതിൽ അപ്പീൽ കൊടുത്തിരിക്കുകയാണ്. അതേ പ്രയറിന് വേണ്ടി തന്നെയാണ് 226 ഡബ്ള്യൂ. പി സി യായി നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സിംഗിൾ ബഞ്ചിൽ കൊടുത്തത്. അപ്പോൾ അസ്വാഭാവികത അതിനകത്ത് വന്ന് പെട്ടതുപോലെ തോന്നി. അതു മാത്രമല്ല ഒരു കോടതി നടപടി വന്നാൽ സാധാരണഗതിയിൽ അതിന്റെ പ്രോസിക്യൂഷൻ നടപടി റദ്ദാക്കരുത് എന്നാണ് പി.സി. ആക്ടിലെ 19 (സി) വകുപ്പ് പറയുന്നത്. അതിനെക്കുറിച്ച് പരിശോധിച്ചിട്ടില്ല എന്ന് തോന്നുകയാണ്.  ഇവിടെ അസാധാരണമായ വിധി യായി നമുക്ക് തോന്നാൻ കാരണം. മൂന്നുദ്യോഗസ്ഥരെ പ്രതിസ്ഥാനത്തു നിന്ന് മാറ്റിയത് ശരിയല്ല, അവരെ പ്രതിപ്പട്ടികയിൽ ചേർക്കണം, ഇക്കാര്യത്തിൽ സി.ബി.ഐ. അന്വേഷണം നടത്തണം എന്ന്  ആവശ്യപ്പെട്ട് ശ്രീ. ജോജി എന്ന വ്യക്തി  21-11-2012 ൽ ഡബ്ള്യൂ.പി.സി 27825/2012 ആയി കോടതിയിൽ പെറ്റീഷൻ കൊടുത്തു. കോടതിയിൽ കൊടുത്ത പെറ്റീഷൻ തള്ളി. അത് വേണ്ട എന്ന് തീരുമാനിച്ചു. അതിന് ശേഷം ഈ വിധിയിൽ ഉദ്യോഗസ്ഥരെ പ്രതിസ്ഥാനത്ത് നിന്ന് മാറ്റിയത് തെറ്റാണെന്നും അതേ കോടതി തന്നെ വിധിച്ചു.  ഉദ്യോഗസ്ഥൻമാരെ പ്രതിയാക്കണം ഈ കേസ് സി. ബി ഐ. അന്വേഷണത്തിന് വിടണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള ശ്രീ. ജോജി മാത്യുവിന്റെ 27825/2012 നമ്പർ കേസ് തള്ളിയതിന് ശേഷം ഈ ഉദ്യോഗസ്ഥൻമാരെ പ്രതി സ്ഥാനത്തു നിന്ന് മാറ്റിയത് ശരിയല്ല എന്ന കോടതിയുടെ വിധി കണ്ടപ്പോൾ ഒരു അസാധാരണ വിധിയായി

ഗവൺമെന്റിന് തോന്നുകയുണ്ടായി. സർ, ഞാനതിന്റെ മറ്റു വശങ്ങളിലേക്ക് പോകുന്നില്ല.

(തുടരും)

P 11.12.2012 -AR-SP-1
10.10-10.20

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ.... തുടർച്ച)

വിജിലൻസിനെ ആശ്രയിച്ചാണ് ഈ ഗവൺമെന്റ് നിൽക്കുന്നതെന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ നേരത്തെ ഇവിടെ ആക്ഷേപിക്കുകയുണ്ടായി. ഞാൻ അതിന് മറുപടി പിന്നീട് പറയാം. അങ്ങിവിടെ ഹൈക്കോടതി നിരീക്ഷണം എടുത്ത് കാണിക്കുകയുണ്ടായി, അതിൽ അങ്ങ് പറഞ്ഞത് 44-ാം പേജിലെ 22-ാമത്തെ പാരഗ്രാഫിലെ "Some of the features presented" എന്ന് പറഞ്ഞ് അങ്ങ് വായിച്ചതു കൊണ്ട് ഞാനത് വായിക്കുന്നില്ല. ഈ കേസ് വിസ്താരത്തിനു വന്നപ്പോൾ കേസ് ഡയറി വേണമെങ്കിൽ സമർപ്പിക്കാമെന്ന് പ്രോസിക്യൂഷൻ ഡയറക്ടർ കോടതിയിൽ പറഞ്ഞു. കേസ് ഡയറി സമർപ്പി ച്ചതിനു ശേഷമല്ലേ അന്വേഷണ ഉദ്യോഗസ്ഥൻ എന്ത് നടപടിയാണ് എടുത്തത് എന്നതു സംബന്ധിച്ച് കോടതിക്ക് നിഷ്പക്ഷ തീരുമാനമെടു ക്കാൻ പറ്റൂ. കേസ് ഡയറി സമർപ്പിക്കാമെന്ന് പറഞ്ഞു. ഈ ജഡ്ജ്മെന്റിലെ 19-ാം പേജിലെ 11-ാമത്തെ പാരഗ്രാഫ് അങ്ങ് ഒന്ന് വായിച്ചു നോക്കണം, "After the Case was again taken up for disposal, later, a memo was filed seeking permission to produce the Case Diary for my perusal". അദ്ദേഹ ത്തിന്റെ കോടതിയുടെ പെറൂസലിനുവേണ്ടി ഈ കേസ് ഡയറി കൊടുക്കാ മെന്ന് അങ്ങോട്ട് പറയുകയാണ്. Taking note of that memo also, with reference

to the issues projected for consideration in the writ petition, I have found opinion that the perusal of the case diary is not only to be called for, but has to be avoided in examining the challenge അതാണ് പറഞ്ഞിരിക്കുന്നത്. കേസ് ഡയറി നോക്കാതെ കണ്ണും പൂട്ടി ഒരു വിധി പ്രഖ്യാപിച്ചാൽ അതിനെക്കുറിച്ച് എന്താണ് പറയാൻ കഴിയുക. കേസ് ഡയറി കൊടുക്കാമെന്ന് പറഞ്ഞല്ലോ? ഈ വിധിക്കകത്ത് തന്നെ പറഞ്ഞിട്ടുണ്ട് (......ബഹളം......). ഞാനിവിടെ ജഡ്ജ്മെന്റിനകത്തെ വാചകമാണ് വായിച്ചത്. ശ്രീ. കോടിയേരി ബാലകൃഷ്ണൻ ജഡ്ജ്മെന്റിനകത്തെ ഒരു പാരഗ്രാഫ് വായിച്ചു, അതേ ജഡ്ജ്മെന്റിനകത്തെ മറ്റൊരു പാരഗ്രാഫാണ് ഞാൻ വായിച്ചത്. ഇവിടെ ജഡ്ജ്മെന്റ് വായിക്കാൻ കഴിയില്ലേ. ഞാൻ ജഡ്ജിയെ ചോദ്യം ചെയ്തോ? വിധി വായിക്കുകയല്ലേ ചെയ്തത്. 19-ാം പേജിനകത്ത് 11-ാം പാരഗ്രാഫിൽ പറഞ്ഞിരിക്കുന്ന വിധി പ്രസ്താവനയാണ് ഞാൻ ഇവിടെ വായിച്ചത്. അതിൽ പറയുന്നത്; കേസ് ഡയറി നോക്കേണ്ട കാര്യമേയില്ല. സമർപ്പിക്കാമെന്ന് അങ്ങോട്ട് പറയുന്നു. അത് നോക്കാതെയാണ് അങ്ങിവിടെ വിധി പ്രസ്താവനകൾ ഉദ്ധരിച്ചത്. അവിടെയാണ് ആണിയെക്കുറിച്ച് പറയുന്നത്; ആളിനെക്കുറിച്ച് പറയുന്നത്; കുരിശിനെക്കുറിച്ച് പറയുന്നത്. ഈ കേസ് ഡയറി ഒന്നു നോക്കുക പോലും ചെയ്തിട്ടില്ല എന്ന ഭാഗവും ഇതിനകത്ത് നിൽക്കുകയാണ്. ഗവൺമെന്റ് ഈ കാര്യത്തെ സംബന്ധിച്ച് അപ്പീൽ കൊടുത്തു. അതല്ലേ ഗവൺമെന്റിന് ചെയ്യാൻ സാധിക്കൂ. അങ്ങനെ നമുക്ക് പ്രത്യക്ഷത്തിൽ തന്നെ ശരിയല്ല എന്ന് തോന്നിയ ഒരു വിധി കണ്ടപ്പോൾ ഞങ്ങൾ അതിന് അപ്പീൽ കൊടുത്തു. അഴിമതി കേസുകളിലെ കോടതി ഇടപെടൽ ശരിയോ തെറ്റോ എന്നൊക്കെയുള്ള വിവാദം ഈ സമൂഹത്തിൽ നടക്കുന്നുണ്ട്. അന്വേഷണ ഘട്ടത്തിൽ കാണാപ്പുറ

ങ്ങൾ വായിച്ച് കോടതികളിൽ ഇടപെടുന്നത്, ഭജൻലാൽ കേസിനകത്ത് സുപ്രീം കോടതി നിർദ്ദേശിച്ച മാർഗ്ഗനിർദ്ദേശ തത്വങ്ങളുടെ ലംഘനമാണ് എന്നാണ് ഒരു ഒബ്സർവേഷൻ വന്നിരിക്കുന്നത്. അത് നോക്കിക്കോട്ടെ, എല്ലാം പരിശോധിച്ചോട്ടെ. എല്ലാം പരിശോധിച്ചതിനുശേഷം അവസാനത്തെ വിധി വരുന്നുവെങ്കിൽ ആ അവസാനത്തെ വിധിക്കെതിരെ നമുക്ക് കൊടുക്കാൻ കഴിയുന്ന ഏകകാര്യം അപ്പീൽ കൊടുക്കാമെന്നുള്ളതാണ്. അതിനാൽ ഡിവിഷൻ ബഞ്ചിൽ അപ്പീൽ കൊടുത്തു. തലപ്പത്ത് കേരള ചീഫ് ജസ്റ്റീസ് അടങ്ങുന്ന ഡിവിഷൻ ബഞ്ച് അത് സ്റ്റേ ചെയ്തു. സ്റ്റേ ചെയ്ത കാര്യം വീണ്ടും പരാമർശമായി പറയുന്നതിൽ എന്തെങ്കിലും അർത്ഥമുണ്ടോ? ഞങ്ങൾ രാഷ്ട്രീയ വൈരനിര്യാതന ബുദ്ധിയോടു കൂടി ചില കാര്യങ്ങൾ ചെയ്തുവെന്ന് നേരത്തെ ഇവിടെ പറഞ്ഞു. 2009-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർക്കെതിരെ വിജിലൻസ് എൻക്വയറിക്ക് ഉത്തരവിട്ടത് ശ്രീ. കോടിയേരി ബാലകൃഷ്ണനാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം, ആ അന്വേഷണത്തിനകത്ത് കാര്യമില്ല എന്ന് മനസ്സിലാക്കി ആ കേസ് പ്രൊസീഡ് ചെയ്യണ്ട എന്ന് തീരുമാനിച്ചു. രണ്ടാമത്തെ കാര്യം, അനോണിമസ് ലെറ്ററിന്റെ അടിസ്ഥാനത്തിൽ കേസ്സെടുക്കരുത് എന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. എന്നാൽ അങ്ങ് ചില കേസുകൾ ഇവിടെ എടുത്തിട്ടുണ്ട്. അങ്ങ് തന്നെ ഈ അടിയന്തിര പ്രമേയം കൊണ്ടുവന്നത് നന്നായി, മുഖാമുഖമായി എനിക്ക് രണ്ട് ചോദ്യങ്ങൾ ചോദിക്കാൻ സാധിക്കുമല്ലോ? ഇവിടെ ഞങ്ങൾ ഇറക്കിയിട്ടുള്ള 03.11.2012-ലെ കത്തുണ്ട്. **Pseudonymous** ആയിട്ടുള്ളതും anonymous ആയിട്ടുള്ളതുമായ കത്തിന്റെ പേരിൽ ഇനി മുതൽ വിജിലൻസ് അന്വേഷണ

ത്തിന് ആളുകളെ വേട്ടയാടേണ്ട കാര്യമില്ല. ഇവിടെ All anonymous, pseudonymous complaints received directly in the Vigilance and Anti Corruption Bureau may be deemed as closed and they should not be pursued with any action, അതാണ് ഞങ്ങളുടെ സ്റ്റാന്റ്. കള്ളപ്പരാതി വാങ്ങിച്ച് അതിനെതിരെ വിജിലൻസ് അന്വേഷണം നടത്തുന്നവരല്ല. അതുകൊണ്ടാണ് ശ്രീ. ജി. സുധാകരനെതിരെയും ശ്രീ. മാങ്കോട് രാധാകൃഷ്ണനെതിരെയും കള്ളപ്പരാതികൾ വന്നപ്പോൾ അന്വേഷണം വേണ്ടെന്ന് ഞങ്ങൾ തീരുമാനിച്ചത്. അതേസമയം അങ്ങ് മന്ത്രിയായിരിക്കുന്ന സമയത്ത് നിങ്ങൾ 9 മന്ത്രിമാർക്കെതിരെയും നാല് പ്രമുഖ നേതാക്കന്മാർക്കെതിരെയും പേരില്ലാത്ത കത്ത് വച്ച് അന്വേഷണത്തിന് ഉത്തരവിട്ടു. എന്നിട്ടാണ് ഞങ്ങളെ ന്യായം പഠിപ്പിക്കാൻ വരുന്നത്. അങ്ങേയ്ക്ക് സംശയമുണ്ടെങ്കിൽ ഇതൊക്കെ കാണിച്ചുതരാം. ഒരു ഗവൺമെന്റ് പോകുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് പുതിയ ഗവൺമെന്റിൽ വന്നെത്താൻ സാധ്യതയുള്ള പ്രമുഖ നേതാക്കന്മാരെയെല്ലാം പ്രതിയാക്കി വെറും ഊമക്കത്തിന്റെ അടിസ്ഥാനത്തിൽ 9 മന്ത്രിമാർക്കെതിരെ കേസ് കൊടുക്കാൻ പറഞ്ഞ അങ്ങാണ് വിജിലൻസിനെ രാഷ്ട്രീയ ആയുധമാക്കി വിനിയോഗിച്ചത്. ഇത് ന്യായമാണോ? നീതിയാണോ? (......ബഹളം....) അങ്ങ് സംസാരിക്കുമ്പോൾ ഞാൻ ഡിസ്റ്റർബ് ചെയ്തിട്ടില്ല. ഈ സീറ്റിലിരുന്ന് പലതും ചോദിക്കണമെന്ന് എനിക്ക് തോന്നിയതാണ്. പക്ഷേ അങ്ങ് സംസാരിക്കുമ്പോൾ ഞാൻ 100% മാന്യത കാണിച്ചു. ഞാൻ ഒരക്ഷരം പോലും അദ്ദേഹത്തെ ചോദ്യം ചെയ്തില്ല. പറയാനുള്ളതൊക്കെ പറയുമ്പോൾ കേൾക്കാനുള്ളതൊക്കെ കേൾക്കണം. അതുകൂടി കേട്ടെങ്കിൽ മാത്രമേ ഈ സഭ കാര്യമറിയൂ, ബഹുമാനപ്പെട്ട സ്പീക്കർക്ക് ഇതി

നെക്കുറിച്ചുള്ള എല്ലാ വിവരങ്ങളും അറിയണം. അതുകൊണ്ട് തന്നെയാണ് ഈ സഭയിൽ ഞാൻ ഇത് പറയുന്നത്. സ്പീക്കറിലൂടെ ബഹുജനങ്ങളും ഇത് അറിയണം. അതുകൊണ്ട് കള്ളപ്പരാതി കൊടുത്ത് ആളുകളെ പൂട്ടുന്ന പണി നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ചെയ്തതുപോലെ ചെയ്യുന്ന പ്രശ്നമില്ല, ഞങ്ങൾ എടുക്കുന്നത് വ്യത്യസ്തമായ നടപടികളാണ്. അതുകൊണ്ട് ഇവിടെ നേരത്തെ പറഞ്ഞതുപോലെ ഈ വാദഗതികളിൽ ഒരു കാര്യവുമില്ല. അങ്ങ് ലാവ്‌ലിൻ കേസിനെക്കുറിച്ച് പറഞ്ഞു: ശ്രീ. വി. എസ്. അച്ചുതാനന്ദനെ മറയാക്കി ലാവ്‌ലിൻ കേസ്സുമായി ബന്ധപ്പെട്ട് മറുപടി ഫിറ്റ് ചെയ്തതാണെന്ന് എനിക്ക് മനസ്സിലായി. അതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഇതിനെക്കുറിച്ച് സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല. പ്രഥമദൃഷ്ട്യാ പോലും നിലനിൽക്കാത്ത ഒരു കാര്യം സഭ നിർത്തി വച്ച് ചർച്ച ചെയ്യേണ്ട ഒരു കാര്യവുമില്ല എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

(ശ്രീ. ഉമ്മൻ ചാണ്ടി)

P- 11-12-2012, GK-SP-1
10-20-10-30

<u>മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി)</u>: സർ, അടിയന്തര പ്രമേയത്തിന് ആഭ്യന്തരവകുപ്പ് മന്ത്രി വിശദമായി മറുപടി പറഞ്ഞതിനാൽ ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ കൂട്ടത്തിൽ ടി. എം. ജേക്കബ് ഈ സഭയിൽ പറഞ്ഞ കാര്യം എടുത്തുപറഞ്ഞുകൊണ്ട് 500 കോടി രൂപയുടെ സൈൻ ബോർഡ് അഴിമതിയെ സംബന്ധിച്ച് പറഞ്ഞു. എന്താണ് സത്യമെന്ന് അദ്ദേഹത്തിന് അറിയാം. ഈ സംഭവം നടന്നത് എന്റെ കാലത്തല്ല, യു.ഡി.എഫ് ഗവൺമെന്റിന്റെ കാലത്തു

മല്ല. ഇ.കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന കാലത്താണ് സൈൻ ബോർഡ് അഴിമതിയുമായി ബന്ധപ്പെട്ട സംഭവം നടന്നത്. 16-12-1997-ൽ കൂടിയ യോഗത്തിൽ എടുത്ത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 06-01-1998-ൽ കൊടുത്ത ഒരു ഗവൺമെന്റ് ഡയറക്ഷൻ അനുസരിച്ചാണ് രണ്ട് ചീഫ് എഞ്ചിനീയർമാരും പ്രവർത്തിച്ചത്. അതിൽ ഒരാൾ ഷെഡ്യൂൾഡ് ട്രൈബും മറ്റൊരാൾ ഷെഡ്യൂൾഡ് കാസ്റ്റിലുംപ്പെട്ടവരാണ്. രണ്ട് ചീഫ് എഞ്ചിനീയർമാർ ഗവൺമെന്റിന്റെ ഓർഡർ അനുസരിച്ച്, ഡയറക്ഷൻ കൊടുത്തത് അനുസരിച്ച് പ്രവർത്തിച്ചതിന്റെ പേരിൽ എടുത്ത കേസാണ്. 2004-ൽ ഞാൻ മുഖ്യമന്ത്രി ആയപ്പോൾ ഈ ചീഫ് എഞ്ചിനീയർ നിരപരാധിയാണെന്ന് പറഞ്ഞ് കേസ് പിൻവലിക്കണമെന്നുള്ള അപേക്ഷയുമായി എന്റെ അടുത്ത് വന്നിരുന്നു. ഞാൻ പരിശോധിച്ചപ്പോൾ രണ്ട് ഉദ്യോഗസ്ഥരും ഗവൺമെന്റ് ഉത്തരവ് അനുസരിച്ച് പ്രവർത്തിച്ചതല്ലാതെ ഒരു രൂപ പോലും ഗവൺമെന്റിന് നഷ്ടം ഉണ്ടാക്കിയിട്ടില്ല. ഡയറക്ഷന് എതിരായി പ്രവർത്തിച്ചിട്ടില്ല എന്നാൽ വെറും സാങ്കേതികത്വം മാത്രം പറഞ്ഞുകൊണ്ടെടുത്ത കേസ് പിൻവലിക്കുവാൻ ഞാൻ തീരുമാനിച്ചു. ഞാൻ കേസ് പിൻവലിച്ചതിനെതിരെയാണ് ടി.എം. ജേക്കബ് ഇവിടെയിരുന്ന് അഴിമതി ആരോപിച്ചത്. എനിക്ക് ഒരു ബാധ്യതയും ഉള്ളതല്ല. പക്ഷേ ഞാൻ ഒരു സ്ഥാനത്ത് ഇരിക്കുമ്പോൾ എന്റെ മുമ്പിൽ വരുന്ന ഒരു പ്രശ്നം പരിശോധിക്കാറുണ്ട്. അതിൽ കുട്ടപ്പനെന്ന് പറയുന്ന ഉദ്യോഗസ്ഥനെ വലിയ പരിചയമില്ല. പക്ഷേ ജോസഫ് മാത്യൂ ഇപ്പോഴും സർവ്വീസിലുണ്ട്. നല്ലൊരു ഉദ്യോഗസ്ഥനാണ്. എനിക്ക് നേരിട്ട് അറിയാവുന്നതാണ്. അങ്ങനെയൊരു പരാതി കിട്ടികഴിഞ്ഞാൽ, അതിൽ ഞാൻ ഒരു തീരുമാനം എടുക്കുന്നത് അത് എന്നെ എങ്ങനെ ബാധിക്കുമെന്ന്

നോക്കിയല്ല. മറിച്ച് എന്റെ മന:സാക്ഷി അനുസരിച്ച് ശരിയോ തെറ്റോയെന്ന് നോക്കിയിട്ടാണ്. അതിന്റെ പേരിൽ ഇവിടെ അഴിമതി ആരോപണം എഴുതി തന്ന് ഉന്നയിച്ചു. ഞാൻ ഇതേ സീറ്റിൽ ഇരുന്നുകൊണ്ട് ടി.എം. ജേക്കബിനോട് കാര്യങ്ങൾ പറഞ്ഞതിനുശേഷം........ അന്ന് ശ്രീ. പി. സി. ജോർജ് പ്രതിപക്ഷ ത്താണ്. ഞാൻ ശ്രീ. പി.സി. ജോർജിനോട് ചോദ്യം ചോദിച്ചു അതോടോപ്പം പ്രതിപക്ഷത്തോടും ചോദിച്ചു ഈ ഉദ്യോഗസ്ഥന്മാർ അഴിമതിക്കാരാണോ യെന്ന് നിങ്ങൾ പറയൂ ഞാൻ ഇവിടെ ഇരിക്കാമെന്ന് പറഞ്ഞു. ശ്രീ. പി.സി. ജോർജ് എഴുന്നേറ്റ് നിന്ന് പറഞ്ഞത് അഴിമതിക്കാരനല്ലായെന്നാണ്. ആ സമയത്ത് ഒരാളും ചോദ്യം ചെയ്തില്ല. 500 കോടി രൂപയുടെ അഴിമതി ആരോപണം ഒരു മുഖ്യമന്ത്രിയുടെ പേരിൽ ഉന്നയിക്കുകയും ഞാൻ അത് നിഷേധിക്കുകയും ചെയ്തു. അത് കഴിഞ്ഞ് ഏതാനും മാസം കഴിഞ്ഞപ്പോ ഴാണ് നിങ്ങൾ അധികാരത്തിൽ വന്നത്. അഞ്ച് കൊല്ലം അധികാരത്തിൽ ഇരുന്നിട്ട് ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ അഞ്ച് വിജിലൻസിന്റെ ചാർജ് വഹിച്ച മന്ത്രിയല്ലേ. 500 കോടി രൂപയുടെ അഴിമതി നടത്തിയ ഒരു മുഖ്യമന്ത്രി....... അത് കഴിഞ്ഞ് അഞ്ച് കൊല്ലം അവിടെയിരു ന്നിട്ട് നിങ്ങൾ എന്ത് ചെയ്യുകയായിരുന്നുവെന്ന് ചോദിക്കുകയാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ഞങ്ങൾ കേസ് പിൻവലിച്ചിട്ടില്ലായി രുന്നു.

<u>ശ്രീ. ഉമ്മൻ ചാണ്ടി</u>: ഞാൻ വീണ്ടും അധികാരത്തിൽ വന്നപ്പോൾ എനിക്ക് അപേക്ഷ കിട്ടി ഞാൻ കേസ് പിൻവലിച്ചു. ഞാൻ ഇന്നും വിശ്വസി ക്കുന്നു. ഒരു തീരുമാനം എടുക്കുമ്പോൾ ആ തീരുമാനം എന്നെ എങ്ങനെ ബാധിക്കും എന്റെ ഇമേജിനെ എങ്ങനെ ബാധിക്കുമെന്നല്ലാ നോക്കേണ്ടത്

മന:സാക്ഷി അനുസരിച്ച് സത്യവും നീതിയും അനുസരിച്ച് പ്രവർത്തിക്കണം ഞാൻ അതാണ് ചെയ്തത്. അതുകൊണ്ട് .............

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇങ്ങനെയൊരു സ്റ്റേറ്റ്മെന്റ് നടത്തിയാൽ . . . . തിരുവനന്തപുരം വിജിലൻസ് കോടതി തുടരന്വേഷണത്തിനുവേണ്ടി ഉത്തരവിട്ടിരിക്കുകയാണ്. ഗ്യാലറിയിലിരിക്കുന്ന വിജലൻസിലെ ഉദ്യോഗസ്ഥർ ഈ കേസ് എങ്ങനെ കൈകാര്യം ചെയ്യും. ഈ സ്റ്റേറ്റ്മെന്റോടുകൂടി കേസിന്റെ അന്വേഷണത്തിൽ മുഖ്യമന്ത്രി ഇടപെട്ടിരിക്കുകയാണ്. ഇങ്ങനെയൊരു നിലപാട് എടുക്കുന്നത് ഭരണഘടനാപരമായ ലംഘനമാണ്. കേസിനകത്ത് അന്വേഷണം എങ്ങനെ നടത്തണമെന്ന് ഗ്യാലറിയിൽ ഇരിക്കുന്ന വിജിലൻസ് ഡയറക്ടർക്ക് ഉത്തരവ് കൊടുക്കുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങ് പറഞ്ഞതിനകത്തുള്ള പോയിന്റൊന്നും ഞാൻ നിഷേധിക്കുന്നില്ല. എന്നാൽ ഈ അഞ്ച് കൊല്ലം 500 കോടി രൂപയുടെ അഴിമതി കാണിച്ച ആളിനെ സംരക്ഷിച്ച ആളാണ് അങ്ങ് എന്ന് പറഞ്ഞാൽ എന്ത് ചെയ്യും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞങ്ങളുടെ കാലത്ത് വിജിലൻസിനെ സ്വതന്ത്രമായി അന്വേഷിക്കാൻ വിട്ടു. ആ വിജിലൻസ് സ്വതന്ത്രമായി അന്വേഷിച്ചതിന്റെ അടിസ്ഥാനത്തിലാണ് ഇപ്പോൾ റിപ്പോർട്ട് തയ്യാറാക്കി കോടതിയിൽ കൊടുത്തിരിക്കുന്നത്. നിങ്ങളെപ്പോലെ അന്വേഷണത്തിൽ ഇടപെടലല്ല ഞങ്ങൾ ചെയ്തത്.

ശ്രീ. ഉമ്മൻ ചാണ്ടി: നിങ്ങളുടെ ഗവൺമെന്റ് വന്ന് അങ്ങ് വിജിലൻസിന്റെ ചാർജ് വഹിച്ചതിനുശേഷം ഒരു നടപടിയുമായി മുന്നോട്ട്

പോയിട്ടില്ല. നായനാർ ഗവൺമെന്റിന്റെ കാലത്തുണ്ടായ പ്രശ്നമാണ്. ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ ശ്രീ. എം.എം. മണിയുടെ കേസ് രാഷ്ട്രീയ പ്രേരിതമാണെന്ന് പറഞ്ഞു. ഈ നാട്ടിലെ ആർക്കാണ് അറിയാൻ പാടില്ലാത്തത്. ശ്രീ. എം.എം. മണി സ്വയം പറഞ്ഞതല്ലേ. ബഹുമാനപ്പെട്ട ശ്രീ. കോടിയേരി ബാലകൃഷ്ണൻ നിങ്ങൾ എന്തിനാണ് എം. എം. മണിയെ ജില്ലാ സെക്രട്ടറി സ്ഥാനത്തുനിന്ന് നീക്കം ചെയ്തത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞങ്ങൾ എടുത്തത് അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വന്നിട്ടുള്ള പിഴവാണ്. അത് ക്രിമിനൽ കുറ്റമല്ല. ക്രിമിനൽ കുറ്റത്തിന്റെ പേരിലല്ല നടപടി എടുത്തത്. ഇതേ പ്രസംഗം നടത്തിയിട്ടുള്ള ശ്രീ. സുധാകരനെതിരെ എന്താണ് നടപടി എടുക്കാത്തത്. ശ്രീ. സുധാകരനെ കാണുമ്പോൾ കൈവിറച്ച് പോവുകയാണോ.

ശ്രീ. ഉമ്മൻ ചാണ്ടി: നിങ്ങൾ ക്രിമിനൽ കുറ്റത്തിനല്ല നടപടി എടുത്തുവെന്ന് പറഞ്ഞത് ഞാൻ ശരിവയ്ക്കുന്നു അതാണല്ലോ സത്യം. കാരണം നിങ്ങൾക്ക് ക്രിമിനൽ കുറ്റത്തിന് കേസ്സെടുക്കാൻ അധികാരമില്ല. നിങ്ങൾക്ക് അധികാരമുള്ളത് പാർട്ടി സെക്രട്ടറി സ്ഥാനത്തുനിന്ന് നീക്കം ചെയ്യാനാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കെ.പി.സി.സി സെക്രട്ടറി സ്ഥാനത്തുനിന്ന് ശ്രീ. സുധാകരനെ എന്തുകൊണ്ടാണ് നീക്കം ചെയ്യാത്തത്.

ശ്രീ. ഉമ്മൻ ചാണ്ടി: ഞാൻ അത് പറയാം. നിങ്ങൾ എം. എം. മണിയെ സെക്രട്ടറി സ്ഥാനത്തുനിന്ന് നീക്കം ചെയ്തു. ഞങ്ങൾ നിയമപരമായ നടപടി എടുത്തു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. ഇ.പി. ജയരാജന്റെ വധശ്രമവുമായി ബന്ധപ്പെട്ട് തുടരന്വേഷണം വേണമെന്ന് ആവശ്യപ്പെട്ട് ഇവിടെ പ്രശ്നം വന്നപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു ഐ.ജി-യെ കൊണ്ട്

അന്വേഷിപ്പിക്കുമെന്ന്. ഒരു ഹർവേസ് സാഹിബ് എന്ന് പറയുന്ന ഐ.ജി ഇതു വരെ കണ്ണൂരിൽ പോയിട്ടില്ല. ഇതാണോ നിങ്ങളുടെ അന്വേഷണം.

ശ്രീ. ഉമ്മൻ ചാണ്ടി: നിയമം എല്ലാവർക്കും ഒരുപോലെയെന്ന് പറഞ്ഞാൽ ഞാൻ അതിനോട് പൂർണ്ണമായും യോജിക്കും. ഇവിടെ എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ ഞാൻ അന്വേഷിക്കും. ലോകം മുഴുവൻ കേട്ടുകൊണ്ടിരിക്കുകയാണ് ശ്രീ. എം. എം. മണിയെ അദ്ദേഹം നടത്തിയ പ്രസംഗത്തിന്റെ പേരിൽ സെക്രട്ടറി സ്ഥാനത്തുനിന്ന് നീക്കം ചെയ്യുകയും ആ പ്രസംഗത്തിന്റെ പേരിൽ നിയമപരമായ നടപടി സ്വീകരിക്കുകയും ചെയ്തു. അതിൽ ഒരു തെറ്റുമില്ല. പക്ഷേ അതിന് രാഷ്ട്രീയ പ്രതിയോഗികളെ വകവരുത്തുന്നുവെന്ന നിലയിലേയ്ക്ക് ആക്ഷേപം ഉന്നയിക്കുന്നത് നിർഭാഗ്യകരമാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്. ശ്രീ. എം.എം മണി നടത്തിയ പ്രസംഗത്തിനെ തുടർന്ന് വ്യക്തതയോടുകൂടിയ നിയമനടപടികളിലേയ്ക്കാണ് നീങ്ങിയിട്ടുള്ളതെന്ന കാര്യം മനസ്സിലാക്കണം. രാഷ്ട്രീയ പ്രതിയോഗികളെ കൈകാര്യം ചെയ്യാൻ നിയമം കൈയ്യിൽ എടുക്കുവാൻ ഒരിക്കലും ഗവൺമെന്റ് ശ്രമിക്കില്ല. അത് സംബന്ധിച്ച് ഏത് പരാതിയുണ്ടെങ്കിലും പരിശോധിക്കുമെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ പറഞ്ഞ ഒരു കാര്യം കൂടി ചൂണ്ടിക്കാണിച്ച് ഞാൻ അവസാനിപ്പിക്കാം. എന്നും ഞങ്ങൾ ഈ കസേരയിൽ കാണില്ലായെന്ന് പറഞ്ഞത് നല്ലതുപോലെ അറിയാവുന്ന ആളുകളാണ് ഞങ്ങൾ. അതിന് യാതൊരു സംശയവുമില്ല. ജനാധിപത്യത്തിൽ ഒരു സ്ഥാനവും സ്ഥിരതയുള്ളതല്ല. പക്ഷേ ഇരിക്കുന്ന ദിവസങ്ങൾ നിയമപരമായിട്ട് നടപടികൾ നടത്തുവാൻ ഞങ്ങൾ ബാധ്യസ്ഥരാണ്, അത് നടക്കും. നിയമം കൈയ്യിലെടുക്കാനും നിയമം കൈയ്യിലെടുത്ത് മറ്റുള്ളവരെ ഭീഷണിപ്പെ

ടുത്തുവാനും ശ്രമിച്ചാൽ അതിനോട് യോജിക്കുവാൻ നിവൃത്തിയില്ല. അതു കൊണ്ട് ഞങ്ങൾ വ്യക്തമായി ഈ കാര്യങ്ങളെക്കുറിച്ച് ബോധ്യമുള്ളവരാണ്. ആ ബോധ്യത്തോടുകൂടി മാത്രമേ പ്രവർത്തിക്കുകയുള്ളൂവെന്ന് വ്യക്ത മാക്കാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ഗവൺമെന്റിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(ശ്രീ. വി.എസ്.അച്ചുതാനന്ദൻ)

11.12.2.12
10.30-10.40

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട സ്പീക്കർ സർ, ഇവിടെ ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണൻ അവത രിപ്പിച്ച അടിയന്തിര പ്രമേയം വളരെ അർത്ഥവത്തായ ഒട്ടേറെ കാര്യങ്ങൾ ചൂണ്ടിക്കാണിക്കുകയുണ്ടായി. ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മുഖ്യമന്ത്രിയും അതിന്റെ പ്രതികരണമെന്നുള്ള നിലയിൽ കുറേ കാര്യങ്ങൾ പറഞ്ഞു. അർദ്ധശങ്കയ്ക്ക് ഇടയില്ലാത്ത വിധത്തിൽ പ്രതി പക്ഷനേതാവിനെതിരായി കെട്ടിച്ചമച്ച കേസുകൾ യാതൊരു തരത്തിലും നില നിൽക്കത്തക്കതല്ല, കേസ് കൈകാര്യം ചെയ്യാനുള്ള വിവരമില്ലാത്ത വിജി ലൻസാണ് എന്ന കോടതിയുടെ പരാമർശം ആഭ്യന്തര വകുപ്പുമന്ത്രി ശ്രദ്ധിച്ച് വായിച്ചിട്ടുണ്ടോ എന്ന് എനിക്കറിയില്ല. എനിക്ക് എതിരായി നടന്നുകൊണ്ടി രുന്ന ആ കേസിന്റെ സ്വഭാവത്തെപ്പറ്റിയും എന്നെ അപമാനിക്കുന്നതിന് വേണ്ടി ഉദ്യോഗസ്ഥൻമാർ നടത്തിക്കൊണ്ടിരിക്കുന്ന ഹീനമായ പ്രവർത്തന

ങ്ങളെക്കുറിച്ചും പരാമർശിച്ചുകൊണ്ട് ഒരു കത്ത് വിജിലൻസിന്റെ ഡയറക്ടർക്കും ആഭ്യന്തര വകുപ്പുമന്ത്രിക്കും ഞാൻ അയച്ചു. ഈ ഉദ്യോഗസ്ഥൻ മന:പൂർവ്വം വസ്തുതാവിരുദ്ധമായിട്ടുള്ള കാര്യങ്ങൾ കെട്ടിച്ചമയ്ക്കുന്നതിന് പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് നിങ്ങൾക്ക് വിശ്വാസമുള്ള മറ്റൊരു ഉദ്യോഗസ്ഥനെ നിയോഗിച്ച് സത്യാവസ്ഥ പുറത്തുകൊണ്ടുവരുന്നതിന് വേണ്ടി ശ്രമിക്കണമെന്ന്, ഞാൻ എഴുതിയ കത്തിന്റെ വസ്തുത, ആഭ്യന്തര വകുപ്പുമന്ത്രിയോടും പറഞ്ഞതാണ്. പക്ഷേ അത് തെല്ലുപോലും പരിഗണിക്കാൻ, ഒരു പ്രതിപക്ഷനേതാവിന്റെ സ്ഥാനത്ത് ഞാൻ ഇവിടെ ഇരിക്കുമ്പോൾ, വളരെ തെറ്റായ നിലയിൽ ഒരു ഡിവൈ.എസ്.പി നടത്തുന്ന പ്രവർത്തനങ്ങളെ സംബന്ധിച്ച് ഒരു ആഭ്യന്തര വകുപ്പുമന്ത്രിയോട് പറഞ്ഞിട്ട് തെല്ലുപോലും പരിഗണിക്കാൻ കൂട്ടാക്കാത്ത ഒരു ആഭ്യന്തരകാര്യ മന്ത്രിയാണ് നമുക്കുള്ളത് എന്നുള്ളത് വളരെ ഖേദപൂർവ്വം ഞാൻ അറിയിക്കുകയാണ്. എനിക്കെതിരായി ഏത് തരത്തിലുള്ള കേസും കെട്ടിച്ചമയ്ക്കാൻ ഉദ്യോഗസ്ഥൻമാരെ പ്രേരിപ്പിക്കുന്ന ഒരു സംവിധാനമാണ് നിലനിൽക്കുന്നതെന്ന് ആ ഒരൊറ്റ വസ്തുത കൊണ്ടുതന്നെ എനിക്ക് വ്യക്തമായി. ഞാൻ ചോദിക്കുകയാണ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങൾക്കെതിരായി വിജിലൻസിനെ ഉപയോഗിച്ച് ഇത്തരം തികച്ചും വസ്തുതാവിരുദ്ധമായ കേസുകൾ കെട്ടിച്ചമയ്ക്കാൻ ശ്രമിക്കുമ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഒരു ബന്ധുവായ സച്ചു മാനേജരായ കൊല്ലത്തെ ഒരു ബാങ്കിൽ രണ്ട് കോടി രൂപ നിക്ഷേപിച്ചു. എറണാകുളത്ത് കൊച്ചി മെട്രോ സ്ഥാപനത്തിന്റെ പ്രാഥമിക പ്രവർത്തനത്തിന് വേണ്ടി ഞങ്ങൾ അധികാരത്തിൽ ഇരുന്നപ്പോൾ 150 കോടി രൂപ നിക്ഷേപം ഉണ്ടാക്കിയിരുന്നതിൽ നിന്ന് രണ്ട് കോടി രൂപ എടുത്ത്

സച്ചു മാനേജരായ കൊല്ലത്തുള്ള ബാങ്കിൽ നിക്ഷേപിച്ചു. ഞങ്ങൾ അത് ചൂണ്ടിക്കാണിച്ചു. അതിനെക്കുറിച്ച് ഒരു അന്വേഷണം നടത്താൻ ഇതുവരെ ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ? ബന്ധുക്കൾക്ക് എതിരായി ഒരു നിലപാടും സ്വീകരിക്കാൻ ഇതുവരെ തയ്യാറായിട്ടില്ല. അതുപോലെതന്നെ ഞാൻ പറയുക യാണ്, മുഖ്യമന്ത്രിയുടെ മറ്റൊരു ബന്ധുവായ, ഐ.ടി. മിഷനിൽ അഴിമതി നടത്തിയ ദിപുവിനെതിരായി ശുപാർശ ചെയ്യപ്പെട്ട കേസ്. വിഷ്ണുനാഥിന്റെ ബന്ധുവാണ്. അയാളും ഇതുപോലെ തന്നെ യാതൊരു അന്വേഷണത്തിനും വിധേയനായിട്ടില്ല. അപ്പോൾ ഗവൺമെന്റിന് താൽപ്പര്യമുള്ള ആളുകളെ സംബന്ധിച്ച് ഇതുപോലെ അനർഹമായിട്ടുള്ള കാര്യങ്ങൾ നടത്തിയാൽ അന്വേഷണമില്ല, പ്രതിപക്ഷത്തിനെതിരായി ഒരു ഉളുപ്പുമില്ലാതെ കേസുകൾ നടത്തുകയും, ആ കേസിനെതിരായി സത്യാവസ്ഥ പുറത്തുകൊണ്ടുവരുന്ന തിന് വേണ്ടി കഴിഞ്ഞ ഒരു കൊല്ലത്തിലേറെയായി ഞങ്ങൾ കേസ് നടത്തി ക്കൊണ്ടിരിക്കുകയാണ്. ഇതുപോലൊരു കേസ് സ്വന്തക്കാർക്കെതിരായി വന്നാൽ നടപടി എടുക്കാതിരിക്കുന്നത് ശരിയാണോ? എടുത്തിട്ടുണ്ടോ? എടുത്തിട്ടില്ല. അതുപോലെതന്നെ ഞാൻ ചോദിക്കുകയാണ്, ഭൂമിദാന കേസിൽ അന്വേഷിച്ചുകൊണ്ടിരുന്ന ഉദ്യോഗസ്ഥനുമായിട്ട്, നിങ്ങളുടെ മന്ത്രി മാർ ദിനംതോറും ഫോൺ ഉപയോഗിച്ച് നടത്തിക്കൊണ്ടിരിക്കുന്ന ശുപാർശ കളെ സംബന്ധിച്ചുള്ള വിവരങ്ങളൊന്നും ഞങ്ങൾക്ക് ഇല്ലെന്നാണോ നിങ്ങൾ ധരിച്ചുകൊണ്ടിരിക്കുന്നത്? നിങ്ങൾ മനസ്സിലാക്കണം, ഇതുപോലെയുള്ള കേസ്സുകൾ ഒരുനാൾ പുറത്ത് വരാതിരിക്കില്ല. നിങ്ങൾ എനിക്കെതിരായി ഈ കേസ് കെട്ടിച്ചമയ്ക്കുന്നതിന് കാരണമെന്താണ്? നിങ്ങളുടെ ഐസ്ക്രീം കേസ്, പാമോയിൽ കേസ് കൊല്ലങ്ങളായി ഇതിലെല്ലാം ഞാൻ കേസ് നടത്തി ക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ അധികാരത്തിൽ വന്നപ്പോൾ അതിന് പ്രതി

കാരം വീട്ടണം. അതിനുവേണ്ടി നിങ്ങൾ കെട്ടിച്ചമച്ച കേസ് വാസ്തവത്തിൽ വസ്തുതാവിരുദ്ധമായിട്ടുള്ളതാണ്. ഒരു പട്ടാളക്കാരനെ, അയാൾ കണ്ണൂർ പട്ടാള ക്യാമ്പിൽ ജോലി ചെയ്തുകൊണ്ടിരുന്ന അവസരത്തിൽ കൂട്ടുകാരായ എട്ട്, പത്ത് പേർ പട്ടാളക്കാരുടെ സേവനത്തെ ആസ്പദമാക്കി ഭൂമി കൊടുക്കുന്നുണ്ടെന്ന് മനസ്സിലാക്കി അപേക്ഷ കൊടുത്തതാണ്. 1976-ൽ കൊടുത്ത അപേക്ഷ 1977-ൽ കെ. കരുണാകരന്റെ കാലത്ത് അദ്ദേഹത്തിന് മൂന്ന് ഏക്കർ പതിച്ചുകൊടുത്തു. അതുകഴിഞ്ഞ് ആ സ്ഥലം ഉദ്യോഗസ്ഥന്മാർ മറ്റ് ആളുകൾക്ക് കൈമാറ്റം ചെയ്തു. അതുസംബന്ധിച്ച കേസ് ഗവൺമെന്റ് തന്നെ നടത്തിക്കൊണ്ടിരിക്കുകയാണ്, അതിന്റെ തീരുമാനം വരുമ്പോൾ നിങ്ങളെ അറിയിക്കാമെന്ന് പട്ടാളക്കാരനോട് പറഞ്ഞു. അദ്ദേഹം തിരിച്ചു പോയി. കൊടുത്ത അപേക്ഷയുടെ കാര്യത്തെ സംബന്ധിച്ച് പിന്നീട് അന്വേഷിക്കാൻ അദ്ദേഹം തയ്യാറായില്ല. പിന്നീട് അറിഞ്ഞത് ഗവൺമെന്റ് അതിനെതിരായി കേസ് നടത്തി, ഗവൺമെന്റ് ജയിച്ചു എന്നാണ്. ജയിച്ചു കഴിഞ്ഞാൽ അയാൾക്ക് ഭൂമി കൊടുക്കേണ്ടതാണ്. കൊടുത്തില്ല. അയാളോട് വിവരം പറഞ്ഞതനുസരിച്ച് ഞങ്ങൾ കത്ത് അയയ്ക്കാം, അതനുസരിച്ച് വന്നാൽ മതി എന്നുപറഞ്ഞിട്ട് ഉദ്യോഗസ്ഥന്മാർ അത് ചെയ്തോ? ചെയ്തില്ല. അതുകഴിഞ്ഞ് പട്ടയം തന്ന ഭൂമിക്ക് പകരം ഭൂമി തരിക, അല്ലെങ്കിൽ ആ ഭൂമി തരണമെന്നാവശ്യപ്പെട്ടപ്പോഴാണ് പറഞ്ഞത്, ആ ഭൂമി മറ്റ് തരത്തിൽ കൈകാര്യം ചെയ്തുപോയി, കുറച്ചുകൂടി നല്ല ഭൂമി തരാം,. പക്ഷേ കുറച്ച് ഏക്കർ കുറയും രണ്ട് ഏക്കർ 33 സെന്റ്, നല്ല സ്ഥലമായതുകൊണ്ട് അത് തരാമെന്ന് പറഞ്ഞു. അങ്ങനെ അയാൾ അത് സമ്മതിച്ചു. എഴുപതിനായിര

ത്തോളം രൂപ വില പറഞ്ഞു. അത് കൊടുത്തു. ആ തരത്തിൽ അയാൾക്ക് അർഹതപ്പെട്ട ഭൂമി ലഭിച്ചതാണ്.

(തുടരും)

P-11-12-2012-SN-SD-1
10.40-10.50

(പ്രതിപക്ഷനേതാവ് തുടർച്ച)

പക്ഷേ അതിനുശേഷം ഒരു ഓർഡർ ഇറക്കുകയുണ്ടായി. ആ ഓർഡർ അനുസരിച്ച് 25 കൊല്ലം കഴിഞ്ഞാൽ മാത്രമേ പ്രസ്തുത ഭൂമി കൈമാറ്റം നടത്താൻ സാധിക്കുകയുള്ളൂ. 1977-ൽ കൊടുത്ത അപേക്ഷയുടെ അടിസ്ഥാനത്തിൽ ലഭിച്ച ഭൂമി 30 കൊല്ലം കഴിഞ്ഞിട്ടും സ്വതന്ത്രമായി കൈകാര്യം ചെയ്യാനുള്ള അവസരമില്ലായെന്ന സ്ഥിതി വന്നപ്പോഴാണ് അയാൾ റവന്യൂ വകുപ്പു മന്ത്രിയെ സമീപിച്ചത്. ഇപ്പോൾ 25 കൊല്ലത്തിനുപകരം 30 കൊല്ലം കഴിഞ്ഞിരിക്കുകയാണ്. ഇതൊരു റീസണബിൾ കേസാണെന്ന് പറഞ്ഞുകൊണ്ട് റവന്യൂ വകുപ്പുമന്ത്രി അത് ക്യാബിനറ്റിൽ കൊണ്ടുവരികയും അംഗീകരിപ്പിക്കുകയും ചെയ്തു. പക്ഷേ ഇപ്രകാരം അംഗീകരിപ്പിച്ചെങ്കിലും ലാ ഡിപ്പാർട്ടുമെന്റിൽ നിന്നും ചില ക്ലാരിഫിക്കേഷൻ ചോദിച്ചപ്പോൾ ഞങ്ങൾ പറഞ്ഞു, ഇത് ഇപ്പോൾ കൈകാര്യം ചെയ്യേണ്ടതില്ല, അടുത്ത ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ഇതിന്മേൽ തീരുമാനം എടുക്കേണ്ടതാണെങ്കിൽ അത് പരിശോധിച്ചശേഷം ആവശ്യമായ കാര്യങ്ങൾ അവർ ചെയ്യട്ടെ എന്നുള്ളതാണ്. പക്ഷേ ആ ഭൂമിയെ സംബന്ധിച്ച് യാതൊരു തീരുമാനവും എടുത്തില്ല. എന്റെ ബന്ധു, എന്റെ ബന്ധു എന്നുപറഞ്ഞുകൊണ്ട് ഒരു പത്രം കഴിഞ്ഞ ഒരു കൊല്ലമായി ഇത് ആഘോഷിച്ച് വരികയാണ്. ഇന്നും ആ പത്രം ആഘോഷം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം വസ്തുതാപര

മാണ്. ഒരു പട്ടാളക്കാരനായ അദ്ദേഹത്തിന് ഇതുവരെയും ഭൂമി ലഭിച്ചിട്ടില്ല. ധാരാളം ആളുകൾക്ക് ഭൂമി ലഭിച്ചു. പ്രതിപക്ഷ നേതാവിന്റെ ബന്ധു എന്നു പറഞ്ഞ് എന്നെ പരിഹസിക്കാൻവേണ്ടി ഇതൊരു ആയുധമാക്കുകയാണ്. അതിനുള്ള ഒരു വിധിയാണ് ഇപ്പോൾ ഹൈക്കോടതിയിൽ നിന്നും ഉണ്ടായിട്ടുള്ളത്. ഇത് ഹൈക്കോടതിയുടെ സിംഗിൾ ബഞ്ചിന്റെ വിധിയാണ്. ഇതിന്മേൽ നിങ്ങൾ അപ്പീൽ കൊടുത്തതനുസരിച്ച് തൽക്കാലം സ്റ്റേ ചെയ്തിരിക്കുകയാണ്. പക്ഷേ നിങ്ങൾ എന്താണ് ഉദ്ദേശിച്ചത്? ഇപ്രകാരം ഒരു കേസ് കൊണ്ടുവരുമ്പോൾ കോടതി വിധി എനിക്ക് എതിരായി വന്നുകഴിഞ്ഞാൽ ഞാൻ ഈ സ്ഥാനത്ത് തുടരുന്നില്ലായെന്നുള്ള പ്രഖ്യാപനം നടത്തും. സ്വാഭാവികമായും കേസ് വിജയിച്ചാൽ എന്നെ ഈ സ്ഥാനത്ത് നിന്ന് ഒഴിവാക്കാൻ സാധിക്കുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ തുടർച്ചയായി ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. കുഞ്ഞാലിക്കുട്ടിയും എന്തെല്ലാം ചെയ്യാൻ സാധിക്കുമോ അതെല്ലാം ചെയ്തുകൊണ്ടിരിക്കുകയാണ്. പാമോയിൽ കേസും ഐസ്ക്രീം കേസും ഞാൻ ഇപ്പോഴും നടത്തിക്കൊണ്ടിരിക്കുകയാണെന്നുള്ള വിവരം ഈ സ്നേഹിതൻമാരെ അറിയിക്കുകയാണ്. കോഴിക്കോട് മജിസ്ട്രേറ്റ് കോടതി, ഹൈക്കോടതി, സുപ്രീം കോടതി എന്നീ മൂന്ന് കോടതികളിൽ കേസുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, അങ്ങ് അഞ്ച് കൊല്ലം മുഖ്യമന്ത്രിയായിരുന്നു. അഞ്ച് കൊല്ലം മുഖ്യമന്ത്രിയായി സേവനമനുഷ്ഠിച്ചിട്ടും ഈ കേസിന്മേൽ ഒരു നടപടി സ്വീകരിക്കാൻ സാധിക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: ഇത് കോടതി കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന കേസായതിനാൽ ഇതിന്മേൽ ഇപ്പോഴും ഞാൻ ഇട

പെടുന്നില്ല. ഇതിൽ നിന്നും രക്ഷപ്പെടാൻവേണ്ടി നിങ്ങൾ എടുത്തിട്ടുള്ള സൂത്രവിദ്യകളൊന്നുംതന്നെ ഫലപ്പെട്ടിട്ടില്ല. പാമോയിൽ കേസ് ഇപ്പോഴും നിലനിൽക്കുകയാണ്. അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി ഒപ്പിട്ടുകൊടുത്തതുകൊണ്ടല്ലേ കരുണാകരന്റെ നേതൃത്വത്തിൽ പാമോയിൽ വാങ്ങിയത്. അതിനെക്കാൾ കുറഞ്ഞ ഓഫറിൽ കേരളത്തിന് പാമോയിൽ നൽകാമെന്ന് പറഞ്ഞെങ്കിലും നിങ്ങൾ ആ ഓഫർ മാറ്റി വയ്ക്കുകയുണ്ടായി. എന്നെ പ്രതി ചേർക്കുകയാണെങ്കിൽ ആദ്യം പ്രതി ചേർക്കേണ്ടത് ശ്രീ. ഉമ്മൻ ചാണ്ടിയെ ആണെന്ന് പറഞ്ഞത് നിങ്ങളുടെ തന്നെ സഹപ്രവർത്തകനായ ശ്രീ. ടി.എച്ച്. മുസ്തഫയാണ്. അല്ലാതെ ഞങ്ങളുടെ ആളുകളാരുമല്ല. സത്യം സത്യമായി എന്നെങ്കിലും തെളിയാതിരിക്കുകയില്ല. തൽക്കാലം രക്ഷപ്പെട്ടതുകൊണ്ട് വലിയ നിലയിൽ അഭിമാനം കൊള്ളേണ്ടതില്ല. നമ്മുടെ കോടതികൾ വസ്തുതകളെല്ലാം മനസ്സിലാക്കി സത്യം ഒരു നാൾ പുറത്ത് കൊണ്ടുവരാതിരിക്കില്ല എന്നുള്ള കാര്യം നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ പക്ഷപാതപരമായ സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. എന്റെ പേരിൽ ഉന്നയിച്ച ആരോപണം അടിസ്ഥാനരഹിതമാണെന്ന് എനിക്ക് തോന്നിയപ്പോൾ ഞാൻ അത് പിൻവലിച്ചു എന്നാണല്ലോ മുഖ്യമന്ത്രി ഇതു സംബന്ധിച്ച് നൽകിയിട്ടുള്ള വിശദീകരണം. അങ്ങനെയാണെങ്കിൽ മറ്റ് മന്ത്രിമാർക്കും അവർക്ക് ശരിയെന്ന് തോന്നുന്ന കാര്യങ്ങൾ ചെയ്യാനുള്ള അവകാശമില്ലേ? ഈ പ്രശ്നത്തിൽ, ന്യായമായും അർഹതയുള്ള ഒരു കേസ് എന്നുള്ള നിലയിൽ ആ വ്യക്തിക്ക് അതുസംബന്ധിച്ച് ഇളവ് നൽകണമെന്ന് ക്യാബിനറ്റ് തീരുമാനിച്ചു. ക്യാബിനറ്റ് തീരുമാനിച്ചിട്ടും ലാ ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള ആക്ഷേപം വന്നപ്പോൾ ഇത് നടത്തേണ്ടതില്ല എന്നുള്ള നിലപാട് എടുത്തു. വളരെ സത്യസന്ധമായി കാര്യങ്ങൾ കൈകാര്യം ചെയ്തിട്ടും

നിങ്ങൾ നിങ്ങളുടെ വിജിലൻസിനെ ഉപയോഗിച്ച് ആക്ഷേപിക്കാൻ വേണ്ടിയുള്ള ശ്രമത്തിലാണെന്നുള്ള സത്യം മറച്ചു വയ്ക്കാൻ സാധിക്കില്ല. ഞാൻ കൂടുതലൊന്നും പറയുന്നില്ല. ഈ വസ്തുതകളെല്ലാം ഇങ്ങനെ വസ്തുതകളായി നിലനിൽക്കുന്ന സാഹചര്യത്തിൽ അത് ഈ സഭയെ അറിയിക്കുന്നതിനുവേണ്ടിയാണ് സഖാവ് കോടിയേരി ബാലകൃഷ്ണനും ഇടതുപക്ഷ ജനാധിപത്യ മുന്നണിയിലെ മറ്റ് സഹപ്രവർത്തകരും ഈ അടിയന്തര പ്രമേയം കൊണ്ടുവന്നത്. വസ്തുതാപരമായ കാര്യങ്ങളാണ് ഇവിടെ വിവരിച്ചത്. ഇവരുടെ ന്യായീകരണത്തിന്റെ അടിസ്ഥാനത്തിൽ എന്റെ സുഹൃത്തായ ബഹുമാനപ്പെട്ട സ്പീക്കറും ഈ വിഷയം ചർച്ച ചെയ്യേണ്ടതില്ലായെന്ന് റൂൾ ചെയ്തത് വളരെ കഷ്ടമായിപ്പോയി. വാസ്തവത്തിൽ ഭരണപക്ഷത്തും പ്രതിപക്ഷത്തുമുള്ള അംഗങ്ങൾക്ക് ഇതു സംബന്ധിച്ച് ചർച്ച നടത്താനുള്ള സ്വാതന്ത്ര്യം ലഭിച്ചിരുന്നെങ്കിൽ എത്രയോ കാര്യങ്ങൾ .......................

<u>മി. സ്പീക്കർ</u>: ഇപ്പോൾ തന്നെ ഒന്നര മണിക്കൂർ ആയി. എന്തിനാണ് ഇതിൽ കൂടുതൽ സമയം എടുക്കുന്നത്?

<u>ശ്രീ. വി. എസ്. അച്ചുതാനന്ദൻ</u>: ഒന്നരയല്ല, രണ്ട് മണിക്കൂർ ആയിക്കോട്ടെ. നമ്മളെല്ലാവരുമല്ലേ ഇതെല്ലാം പറയുകയും കേൾക്കുകയും ചെയ്യുന്നത്. ശരിയായ വസ്തുതകൾ സഭയെ അറിയിക്കുന്നതിനുവേണ്ടി ഞങ്ങൾ നടത്തിയ ശ്രമമാണിത്. ഇവിടെ കാര്യങ്ങൾ പറയുന്നത് കേട്ടുകഴിഞ്ഞാൽ ബഹുമാനപ്പെട്ട സ്പീക്കർക്ക് മറ്റ് നിലയിലൊന്നും ചിന്തിക്കേണ്ടിവരികയില്ല എന്നുള്ളത് എനിക്കറിയാം. ഈ പക്ഷപാതപരമായ സമീപനത്തിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി)

(ശ്രീ. സി. ദിവാകരൻ)

P-11-12-2012-SN-SD-1
10.40-10.50

ശ്രീ. സി. ദിവാകരൻ: സർ, അതീവ ഗുരുതരമായ ഒരു പ്രശ്നമാണ് സഭയിൽ ഞങ്ങൾ അടിയന്തിര പ്രമേയം വഴി ഉന്നയിച്ചത്. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സുപ്രധാനമായ ഒരു വിധിയാണ് ഇതിന് ആധാരം. ഒരു കടലാസിന്റെ വില പോലും നൽകാതെയാണ് കേരളത്തിലെ ആഭ്യന്തര വകുപ്പുമന്ത്രി അതിന്മേൽ പ്രതികരിച്ചത്. കേസ് ഡയറി ജഡ്ജി വായിച്ചില്ലായെന്ന് പറഞ്ഞ് ജഡ്ജിക്ക് ഒരു കുറ്റപത്രം നൽകുകയും ചെയ്തിട്ടുണ്ട്. ഈ ജഡ്ജ്മെന്റ് ഹൈക്കോടതിയുടെ ജഡ്ജ്മെന്റാണ്. ഇത് ശ്രീ. അച്ചുതാനന്ദന്റേയോ പ്രതിപക്ഷത്തിന്റേയോ ജഡ്ജുമെന്റല്ല. അങ്ങയുടെ എല്ലാ വിരോധവും ഇവിടെ തിളച്ചുമറിഞ്ഞത് പ്രതിപക്ഷത്തിനെതിരായിട്ടാണ്. ഇതിൽ ഞങ്ങൾ നിരപരാധിയാണ്.

(തുടരും)

P-11-12-2012-LV-SD-1
10.50-11.00

(ശ്രീ. സി. ദിവാകരൻ.........തുടർച്ച)

കേരള ഗവൺമെന്റിന് ഹൈക്കോടതിയിലും ഹൈക്കോടതിവിധിയിലും ജനാധിപത്യത്തിലും വിശ്വാസമുണ്ടെങ്കിൽ, ഈ ഗവൺമെന്റിന് മാന്യതയുണ്ടെങ്കിൽ രാജിവച്ച് പിരിയണമെന്നാണ് പറയുന്നത്. ഇന്ത്യയിലെ മറ്റേതെങ്കിലുമൊരു സംസ്ഥാന ഗവൺമെന്റുകൾക്കെതിരായി ഹൈക്കോടതി ഇതുപോലൊരു വിധി പ്രഖ്യാപിച്ചെങ്കിൽ എന്ത് നിലപാടായിരിക്കും സ്വീകരിക്കുക.

നാളെയും ഇതുപോലുള്ള വിധികൾ വരില്ലേ? ഈ വിധി ഗവൺമെന്റിന് എതി രായതുകൊണ്ടാണ് തള്ളിപ്പറയുന്നത്, ഗവൺമെന്റിന് അനുകൂലമായൊരു വിധി ആയിരുന്നെങ്കിൽ നിങ്ങൾ വെറുതെ ഇരിക്കുമായിരുന്നോ; ഇത് ഭൂമി യുമായി ബന്ധപ്പെട്ട കേസാണ്. ആരുടെ ഭൂമി ആര് കൊടുത്തുവെന്നാണ് പറ യുന്നത്? ഭൂമി കൊടുത്തത് ആരാണെന്നുള്ള ചോദ്യത്തിന് നിങ്ങൾ മറുപടി പറയുന്നില്ല. ഈ കേസിൽ ശ്രീ. കെ. പി. രാജേന്ദ്രൻ രണ്ടാം പ്രതിയാണെന്ന് പറയുന്നു. അദ്ദേഹം എന്ത് തെറ്റാണ് ചെയ്തത്? ബഹുമാനപ്പെട്ട റവന്യൂ വകു പ്പുമന്ത്രി അവിടെ ഇരിക്കുന്നുണ്ടല്ലോ? എൽ.ഡി.എഫ് ഗവൺമെന്റിന്റെ ഭരണ കാലത്ത് റവന്യൂ വകുപ്പ് കൈകാര്യം ചെയ്ത ശ്രീ. കെ. പി. രാജേന്ദ്രനെ രണ്ടാം പ്രതിയാക്കാൻ എന്ത് തെറ്റാണ് അദ്ദേഹം ചെയ്തത്? ഒരു കാര്യവു മില്ല, ഭൂമി കൊടുത്തിട്ടില്ല, ഭൂമി കൈമാറിയെന്നുള്ളതിന് ഓർഡറില്ല, എക്സംഷൻ കൊടുത്തിട്ടില്ല. ഈ വസ്തുതകൾ നിലനിൽക്കുമ്പോൾ അടി സ്ഥാനരഹിതമായി നിങ്ങൾ കെട്ടിച്ചമച്ചൊരു കേസായതുകൊണ്ടാണ് ഹൈക്കോടതി ജഡ്ജി ഈ കേസ് തള്ളിക്കളഞ്ഞത്. ജഡ്ജി കേസ് ഡയറി വായിച്ചില്ലെന്നൊരു കുഴപ്പമാണ് ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി ഈ ജഡ്ജ്മെന്റിൽ കണ്ടത്. ഹൈക്കോടതി ജഡ്ജി കേസ് ഡയറി വായിക്കണ മെന്ന് നിർദ്ദേശം കൊടുക്കാൻ നിങ്ങൾ ആരാണ്? ഒരു മന്ത്രിക്കാണെങ്കിൽ പോലും ഹൈക്കോടതി ജഡ്ജിയോട് കേസ് ഡയറി വായിക്കണമെന്ന് നിർദ്ദേ ശിക്കാൻ സാധിക്കുമോ? കേസ് ഡയറി വായിക്കണമെന്ന് ഹൈക്കോടതി ജഡ്ജിയോട് നിർദ്ദേശിക്കുന്നത് ആരാണ്; ഡയറി വായിക്കാൻ ജഡ്ജിക്ക് ഇഷ്ടമില്ലെങ്കിൽ പിന്നെ എന്ത് ചെയ്യാൻ പറ്റും? ഇത് ഹൈക്കോടതിയുടെ ജഡ്ജ്മെന്റാണ്. ഈ ജഡ്ജ്മെന്റിനെതിരായി എത്ര വേഗത്തിലാണ് ഗവൺമെന്റ് അപ്പീൽ പോയത്? ഹൈക്കോടതിയുടെ സിംഗിൾ ബഞ്ച് വിധി

ക്കെതിരായി മണിക്കൂറുകൾക്കകം അപ്പീൽ കൊടുക്കുവാനുള്ള നിങ്ങളുടെ അസ്വാസ്ഥത എന്തായിരുന്നു? വിധിപറഞ്ഞ ഏതുകേസിനും അപ്പീൽ കൊടുക്കാൻ മുപ്പതുദിവസമുണ്ടല്ലോ? അതിനുള്ളിൽ എപ്പോൾ വേണമെങ്കിലും അപ്പീൽ കൊടുക്കാം. എന്തുകൊണ്ട് ഇത്തരമൊരു ugly haste നിങ്ങൾ കാണിച്ചുവെന്ന് സഭയിൽ പറയേണ്ടതായിരുന്നു, പറഞ്ഞില്ല. നിങ്ങൾക്കൊന്നും ഒളിച്ചുവയ്ക്കാൻ ഇല്ലെങ്കിൽ എന്തുകൊണ്ട് ഇക്കാര്യം സഭ നിർത്തിവച്ച് ചർച്ച ചെയ്തില്ല. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു ഭരണപക്ഷത്തും പ്രതിപക്ഷത്തും ഗുരുതരമായ കുഴപ്പമുണ്ടെന്നുള്ള സന്ദേശമാണ് ഈ ചർച്ചയിലൂടെ ഗവൺമെന്റ് കേരളത്തിലെ ജനങ്ങൾക്ക് നൽകുന്നത്. വിജിലൻസ് കേസിലെ പ്രതികളായ ചില ഭരണകക്ഷിയംഗങ്ങളുടെ കേസുകൾ ഈ ഗവൺമെന്റ് വിത്ഡ്രോ ചെയ്തിരിക്കുന്നു. പ്രതിപക്ഷത്തും അങ്ങനെയുണ്ടെന്നാണ് നിങ്ങൾ പറയുന്നത്. ഇത് എന്തൊരു ജനാധിപത്യ ആരോപണ പ്രത്യാരോപണങ്ങളാണ്. ഈ ആരോപണങ്ങൾ ഉന്നയിച്ചതുകൊണ്ട് നിങ്ങൾക്ക് ജയിക്കാൻ സാധിക്കുമോ? ഈ ഗവൺമെന്റ് പോലീസിനെ ദുർവിനിയോഗം ചെയ്യുകയല്ലേ; ഇന്നലെ എന്താണ് നടന്നത്? റോഡ് നിർമ്മാണത്തിൽ അഴിമതിയുണ്ടെന്ന് ആരോപിച്ച് ഒല്ലൂരിലെ ജനങ്ങൾ പ്രക്ഷോഭണം നടത്തിയതിന് തൃശൂർ കോർപ്പറേഷനിലെ യു.ഡി.എഫ് കൗൺസിലറെ മൃഗീയമായി മർദ്ദിച്ച് ആശുപത്രിയിലാക്കി. ഈ രാജ്യത്ത് അഴിമതിക്കെതിരായി പ്രതികരിക്കാൻ പാടില്ലേ; ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഈ വിധിമുഴുവൻ വായിച്ചോ; ഈ വിധിയുടെ 25-ാമത്തെ പോയിന്റ് ദയവുചെയ്ത് അങ്ങ് വായിച്ച് ഫ്രെയിം ചെയ്ത് വയ്ക്കേണ്ടതാണ്.

25. Going by the allegations raised by the Ext. Pl FIR and the totality of the circumstances presented in the case to impute acts of corruption against petitioner, former Chief Minister, with all sobriety and equanimity, it has to be stated that the case canvassed by the petitioner that the registration of the crime is intended to tarnish his image before the public......... എന്തുകൊണ്ടാണ് അങ്ങ് ഇത് വായിക്കാത്തത്? ഭരണകക്ഷി യുടെ പ്രധാനപ്പെട്ട ലക്ഷ്യമാണ് ഈ വിധിയിലൂടെ ഹൈക്കോടതി ജഡ്ജി പറ ഞ്ഞിരിക്കുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഇമേജ് തകർക്കുകയെന്നതാണ് ഭരണകക്ഷിയംഗങ്ങളുടെ പ്രധാനപ്പെട്ട ലക്ഷ്യം. അങ്ങനെ ഭരണകക്ഷിയിൽപ്പെട്ടവർ വിചാരിച്ചാൽ തകരുന്നതല്ല പ്രതിപക്ഷ നേതാവിന്റെ ഇമേജ്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി നേതാ ക്കന്മാരെയും പ്രവർത്തകരെയും ഏതെങ്കിലും കള്ളകേസിൽ കുടുക്കി അപക ടപ്പെടുത്താമെന്ന് ആരും ആലോചിക്കേണ്ട. ദയവുചെയത് ഇത്തരത്തിൽ മോശമായിട്ടുള്ള കാര്യങ്ങൾ നിയമസഭയിൽ ചർച്ച ചെയ്ത് സമയം കളയരു തെന്ന ഒരപേക്ഷകൂടിയുണ്ട്. കാരണം ഭൂമി കൊടുത്തോ ഇല്ലയോ എന്നുള്ള യാതൊരു വിവരവുമില്ലാത്തൊരു കേസ് ഹൈക്കോടതി റിജക്ട് ചെയ്തിരി ക്കുകയാണ്, ഗവൺമെന്റിനെതിരായി വിധിയെഴുതിയിരിക്കുകയാണ്. ആ വിധി മാനിക്കാത്ത ഒരു ഗവൺമെന്റാണിത്. ഈ ഗവൺമെന്റ് കോടതിയെയും ജുഡീഷ്യറിയെയും മാനിക്കുന്നില്ലെന്നുള്ളത് വളരെ നിർഭാഗ്യകരമായൊരവസ്ഥയാണ്. ഈ അവസ്ഥ തുടരാൻ പാടില്ല. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ശ്രീ. സി. ദിവാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

(ശ്രീ. മാത്യൂ ടി. തോമസ്)

P-11-12-2012-LV-SD-1

10.50-11.00

ശ്രീ. മാത്യൂ. ടി. തോമസ്: സർ, ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രിയും ബഹുമാന്യനായ കേരളാ മുഖ്യമന്ത്രിയും സാധാരണ ഉപയോഗിക്കുന്ന മനോഹരമായ ഒരു സൂത്രവാക്യമുണ്ട്. ഈ ഗവൺമെന്റ് നിയമത്തെ നിയമത്തിന്റെ വഴിക്കുവിടുമെന്നാണ് മുഖ്യമന്ത്രി സ്ഥിരമായി പറഞ്ഞു കൊണ്ടിരിക്കുന്നത്. പക്ഷേ, നിയമത്തെ നിയമത്തിന്റെ വഴിയേ വിടുന്നതിനു പകരം നിയമത്തെ രാഷ്ട്രീയത്തിന്റെ വഴിയെ തിരിച്ചുവിട്ടുകൊണ്ടിരിക്കുന്നതിന്റെ നിരവധി ദൃഷ്ടാന്തങ്ങൾ ഇന്ന് കേരളം കണ്ടുകൊണ്ടിരിക്കുകയാണ്. നിയമത്തെ മാത്രമല്ല, നിയമസംവിധാനങ്ങളെ മുഴുവൻ യു.ഡി.എഫ്-ന്റെ വഴിയേ തിരിച്ചുവിടാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഭരണപക്ഷത്തുള്ള ആളുകളെ കേസുകളിൽ നിന്ന് ഒഴിവാക്കുകയും പ്രതിപക്ഷത്തുള്ള ആളുകളെ കള്ളക്കേസുകളിൽ കുടുക്കുകയും ചെയ്യുന്ന ഇത്തരമൊരു കാലഘട്ടം കേരളത്തിൽ മുമ്പ് ഉണ്ടായിട്ടില്ല. ഇതൊക്കെ നിൽക്കുമ്പോൾത്തന്നെ ഒരു ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ ബഹുമാനപ്പെട്ട കോടതി ഇത്രമാത്രം വിമർശിച്ച ഒരു കാലഘട്ടവും ഉണ്ടായിട്ടില്ല. നിയമം നിയമത്തിന്റെ വഴിക്കു പോകുമെന്നൊരു പ്രഖ്യാപനം നിലനിൽക്കുമ്പോൾത്തന്നെ നിയമത്തെ യു.ഡി.എഫിന്റെ വഴിക്ക് തിരിച്ചുവിട്ടുകൊണ്ടിരിക്കുന്നു, കള്ളക്കേസുകൾ എടുക്കുന്നു, ഗൗരവമുള്ള കേസുകളിൽ നിന്ന് ഭരണകക്ഷിയിൽപ്പെട്ട ആളുകളെ ഒഴിവാക്കിക്കൊണ്ടിരിക്കുന്നു. ഇത് കഴിഞ്ഞ ഒന്നരക്കൊല്ലമായി കേരള

ത്തിൽ തുടർന്നുകൊണ്ടേയിരിക്കുകയാണ്. ഇന്ന് ഇവിടത്തെ ചർച്ചയിലുണ്ടായ സംഭവമെന്താണ്? കോടതി നിർദ്ദേശപ്രകാരം 500 കോടി രൂപയുടെ അഡ്വർട്ടൈസ്മെന്റ് കേസിന്റെ അന്വേഷണം നടന്നുകൊണ്ടിരിക്കുമ്പോൾത്തന്നെ ആ ഉദ്യോഗസ്ഥന്മാർ പരമശുദ്ധന്മാരാണ് എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പ്രഖ്യാപിച്ചിരിക്കുകയാണ്, അതിന് ശ്രീ. പി.സി. ജോർജിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കുകയാണ്. ഇവിടെ നിഷ്പക്ഷമായൊരന്വേഷണം നടത്താൻ ആ ഉദ്യോഗസ്ഥർക്ക് കഴിയുമോ? കേരളത്തിലെ ഉദ്യോഗസ്ഥരെ മുഴുവൻ യു.ഡി.എഫിന്റെ ചിന്താധരണിയിൽ ചിന്തിപ്പിക്കുന്ന തരത്തിലുള്ള നിലപാടുകളും നടപടികളും പ്രസംഗങ്ങളുമാണ് ഇന്ന് ഈ സഭയ്ക്കകത്തും പുറത്തും നടന്നുകൊണ്ടിരിക്കുന്നത്. ഊമക്കത്തുകളെ ആസ്പദമാക്കി അല്ലെങ്കിൽ വ്യാജപരാതികളെ ആസ്പദമാക്കി കേസ് എടുക്കുകയില്ലെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ പറഞ്ഞു. അത്തരത്തിൽ കേസെടുത്തതിനുള്ള തെളിവുകൾ എന്റെ കൈവശമുണ്ട്. പരാതിക്കാരനായ വ്യക്തി വിജിലൻസ് ഉദ്യോഗസ്ഥർ മുമ്പാകെ ഞാൻ പരാതി അയച്ചിട്ടില്ല, ഈ ഒപ്പ് എന്റേതല്ല, ഇതിൽ എഴുതിയിരിക്കുന്ന കാര്യങ്ങൾ എന്താണെന്ന് അറിയില്ലെന്ന് പറഞ്ഞാൽപ്പോലും കേസ് എടുത്തുകൊണ്ട് പോകുന്നതിന്റെ തെളിവുകൾ ഞാൻ കാണിച്ചുതരാം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ................................... (മൈക്ക് ഓഫ്).............

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രീ..........നോ....... നോ......... അല്ല, അങ്ങനെ ഇടപെടരുത്,....പ്ലീസ്......പ്ലീസ്... അദ്ദേഹം സംസാരിച്ചുകൊണ്ടുനിൽക്കുമ്പോൾ അങ്ങനെ ഇടപെടുന്നത് ശരിയല്ല.

ശ്രീ. മാത്യൂ ടി. തോമസ്: നിയമസഭയിൽ ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി എനിക്ക് ഉത്തരം നൽകിയതാണ്. ഒരു കേസിൽ പരാതിക്കാരൻ പരാതി അയച്ചിട്ടില്ലെന്ന് വിജിലൻസ് ഉദ്യോഗസ്ഥർ മുമ്പാകെ മൊഴി കൊടുത്തിട്ടുപോലും വീണ്ടും അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടത്തെ പ്രശ്നം, നിയമത്തെ ഏറ്റവുമധികം വഴിതിരിച്ചുവിട്ടുകൊണ്ടിരിക്കുന്ന, നിയമസംവിധാനത്തെ ദുരുപയോഗം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണിത്. എല്ലാ പവിത്രതയും പരിപാവനതയും നഷ്ടപ്പെടുത്തിക്കൊണ്ട് താൽക്കാലികമായ രാഷ്ട്രീയ ലാഭങ്ങൾക്കുവേണ്ടി ഭരണ സംവിധാനത്തെ ദുരുപയോഗം ചെയ്തുകൊണ്ടിരിക്കുന്നതിന്റെ ഏറ്റവും അവസാനത്തെ ദൃഷ്ടാന്തമാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഹൈക്കോടതിയിൽ നിന്ന് ഇത്രയും രൂക്ഷമായ വിമർശനമുണ്ടായിട്ടുപോലും ആവശ്യത്തിന് ചർച്ചയ്ക്കുപോലും തയ്യാറാകാൻ ധൈര്യം കാണിക്കാത്ത ഈ ഗവൺമെന്റ് നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. മാത്യൂ ടി തോമസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗവും സഭ വിട്ട് പുറത്തുപോയി.)

(ശ്രീ. എ. എ. അസീസ്)

P-11-12-2012 SV-JG-I-(LR)
11.00-11.10

ശ്രീ. എ. എ. അസീസ്: സർ, രാഷ്ട്രീയ പ്രതിയോഗികളെ വകവരുത്താൻ വേണ്ടി കള്ളക്കേസുകൾ ചമയ്ക്കുന്ന ഒരു പ്രവണതയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. സ്വന്തം പാർട്ടിക്കാരെ അല്ലെങ്കിൽ സ്വന്തം ഭരണകക്ഷിയിൽപ്പെട്ടവരെ സംരക്ഷിക്കുന്ന നയമാണ് സ്വീകരിച്ചിരിക്കുന്നത്. പോലീസ് സ്റ്റേഷനിൽ കടന്നുചെന്ന് പോലീസുകാരോട് അപമര്യാദയായി

പെരുമാറുകയും പ്രതികളെ ഇറക്കിക്കൊണ്ട് പോകുകയും ആഭ്യന്തര വകുപ്പു മന്ത്രിയെ പരസ്യമായി വെല്ലുവിളിച്ച് ഇങ്ങനെയൊരു ആഭ്യന്തര വകുപ്പുമന്ത്രി കേരളത്തിന് അപമാനമാണെന്ന് പറയുകയും ചെയ്തവർക്കെതിരെ ഇവിടെ യാതൊരു കേസുമില്ല. 'ഇതൊന്നും അനുവദിക്കുന്നതല്ല' എന്ന് അവരോട് മൃദുവായ ഭാഷയിൽ പറഞ്ഞതല്ലാതെ അവർക്കെതിരെ ഒരു ചെറുവിരലന ക്കാൻ ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഇന്നുവരെ കഴിഞ്ഞിട്ടില്ല. ഇപ്പുറത്തെ എം. എം. മണിയുടെ പ്രസംഗം, ആ പ്രസംഗം അതിവേഗമായിപ്പോയി, ആ പ്രസം ഗത്തിന്റെ പേരിൽ അറസ്റ്റ് ചെയ്യാം, അദ്ദേഹത്തിന് നുണപരിശോധന നടത്താം. യഥാർത്ഥത്തിൽ ഞാൻ നേരത്തെ സൂചിപ്പിച്ച സ്വന്തം ആളുക ളുടെ നുണ കൂടിയൊന്ന് പരിശോധിക്കപ്പെടേണ്ടതല്ലേ? ആഭ്യന്തര വകുപ്പുമ ന്ത്രിയെ വെല്ലുവിളിച്ച ആ ഭരണകക്ഷി നേതാവിന്റെ നുണ കൂടി പരിശോധി ക്കുവാൻ ഈ ആഭ്യന്തര വകുപ്പുമന്ത്രി തയ്യാറാകേണ്ടതല്ലേ; ഇന്ന് യഥാർത്ഥ ത്തിൽ എന്താണ് ചെയ്യുക? മാന്യന്മാരായിട്ടുള്ള വിജിലൻസ് ഉദ്യോഗസ്ഥ ന്മാർക്ക് ഈ ഗവൺമെന്റിന്റെ കീഴിൽ, ഈ മന്ത്രിയുടെ കീഴിൽ എങ്ങനെ സേവനമനുഷ്ഠിക്കാൻ കഴിയും; ഇവിടെ വിജിലൻസിന് നിഷ്പക്ഷമായി പ്രവർത്തിക്കാൻ കഴിയുന്ന ഒരു കാലഘട്ടമാണോ? വിജിലൻസിനെക്കൊണ്ട് ഇങ്ങനെ അപമാനകരമായിട്ടുള്ള നടപടികൾ സ്വീകരിപ്പിച്ചാൽ നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ വിജിലൻസ് എന്നുപറയുന്ന സംവിധാനത്തെ എങ്ങനെ മാനിക്കും? യഥാർത്ഥത്തിൽ ആ വിജിലൻസിനെ ഭരണപക്ഷത്തി നുവേണ്ടി മാത്രം ഉപയോഗിക്കുന്ന ഒരു ആയുധമാക്കി മാറ്റിയിരിക്കുകയല്ലേ; അതല്ലേ ആ കോടതിയുടെ പരാമർശം? കോടതിയിൽ നിന്നുള്ള വിധി. കേന്ദ്രത്തിലാണെങ്കിലോ മറ്റ് സംസ്ഥാനങ്ങളിലാണെങ്കിലോ ഇത്തരത്തിലൊരു

കോടതിവിധി വന്നാൽ മാന്യനായിട്ടുള്ള ഒരു ആഭ്യന്തര വകുപ്പുമന്ത്രിയാണെന്നുണ്ടെങ്കിൽ, വിജിലൻസ് കൈകാര്യം ചെയ്യുന്ന ആരാണോ അവർ ആ നിമിഷം രാജിവച്ച് തന്റെ നിരപരാധിത്വം തെളിയിക്കുമായിരുന്നു. യഥാർത്ഥത്തിൽ അങ്ങനെയൊന്നും ചെയ്യാത്ത, ഈ കാര്യങ്ങളെ സംബന്ധിച്ച് ചർച്ച ചെയ്യാൻ കൂട്ടാക്കാത്ത ഗവൺമെന്റിന്റെ നയത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

**(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. എ. അസീസും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗവും വാക്കൗട്ട് നടത്തി)**

P-11-12-2012 SV-JG-I
11.00-11.10

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, രാഷ്ട്രീയ പക്ഷപാതിത്വം ഒരു കലയാക്കി എങ്ങനെ മാറ്റാൻ കഴിയുമെന്ന് പരീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു ഗവൺമെന്റാണ് ഇവിടെയുള്ളത്. ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചപ്പോൾ അദ്ദേഹം കോടതിയുടെ പരാമർശത്തിൽ അത്ഭുതം രേഖപ്പെടുത്തുകയുണ്ടായി. കോടതിയുടെ പരാമർശത്തിൽ അത്ദുതം രേഖപ്പെടുത്താൻ അദ്ദേഹം പറഞ്ഞ കാരണം, കേസ് ഡയറി പോലും വായിച്ചുനോക്കാതെ അത് തരാമെന്ന് പറഞ്ഞിട്ടും അത് പരിഗണിക്കാതെയാണ് അദ്ദേഹം വിധി പ്രഖ്യാപിച്ചത്. അങ്ങനെയാണെങ്കിൽ വിധിപ്രഖ്യാപനത്തിനുശേഷം ഒരു മണിക്കൂർ കഴിയുന്നതിനുമുമ്പ് ഡിവിഷൻ ബഞ്ച് കോടതി കൂടി വിധി പ്രഖ്യാപിച്ചതിൽ ഒരു അത്ഭുതത്തിനും അവകാശമില്ലേ; അതേക്കുറിച്ച് അദ്ദേഹത്തിന് അത്ഭുതം തോന്നാതിരുന്നത് എന്താണ്? അപ്പീൽ കൊടുക്കാൻ എല്ലാവർക്കും അധികാരമുണ്ട്. അപ്പീൽ കൊടുക്കാം. പക്ഷേ ഒരു മണിക്കൂ

റിനകം അപ്പീൽ കൊടുക്കുകയും സ്റ്റേ വാങ്ങിക്കുകയും ചെയ്ത നടപടി കേരള ചരിത്രത്തിലെ ആദ്യത്തെ നടപടിയാണ്. ആ ദുരൂഹതയെക്കുറിച്ച് അദ്ദേഹം എന്താണ് മൗനം പാലിച്ചത്? സുധാകരനെക്കുറിച്ച് പ്രതിപക്ഷത്തു നിന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചില പരാമർശങ്ങൾ ഇവിടെ നടത്തി.

മി. സ്പീക്കർ: അത് വീണ്ടും ആവർത്തിക്കേണ്ട കാര്യമില്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: മുഖ്യമന്ത്രിയോ ആഭ്യന്തര വകുപ്പുമന്ത്രിയോ

മി. സ്പീക്കർ: അങ്ങ് വൈന്റ് അപ്പ് ചെയ്യണം.

ശ്രീ. എ. കെ. ശശീന്ദ്രൻ: ......... എന്താണ് സമാനമായ കേസ്. ഞാൻ ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞ ഒരു കാര്യം പറയാൻ പോകുകയാണ്,. 30 കൊല്ലം മുമ്പ് കോടതി വിധി കൽപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ച കേസാണ് നാൽപ്പാടി വധക്കേസെന്ന് സുധാകരൻ പറഞ്ഞു. അതിൽ എന്ത് അന്വേഷണ മാണ് എന്ന് അദ്ദേഹം ചോദിച്ചപ്പോൾ, 30 കൊല്ലം മുമ്പ് കോടതി വിധി പ്രഖ്യാപിച്ച ഒരു കേസല്ലേ എം. എം. മണിയുടെ കേസ്.

മി. സ്പീക്കർ: ശ്രീ. എ. കെ. ശശീന്ദ്രൻ...... ശശീന്ദ്രൻ.....നോ....നോ.... ഞാൻ പറയട്ടെ.....വാക്കൗട്ടിനാധാരമായ ഒന്നോ രണ്ടോ വാക്ക് പറഞ്ഞിട്ട് ...... ദയവുചെയ്ത്.......അങ്ങനെയാണ്.......ഒന്നര മണിക്കൂർ കഴിഞ്ഞു. പ്ലീസ്..... പ്ലീസ്......

ശ്രീ. എ. കെ. ശശീന്ദ്രൻ: അങ്ങനെ ഇരട്ടത്താപ്പ് സ്വീകരിച്ചുകൊണ്ട് ചർച്ച ഒഴിവാക്കാൻ മനപ്പൂർവ്വം ശ്രമിക്കുന്ന ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് എന്റെ കക്ഷിയും ഞാനും വാക്കൗക്ക് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ശശീന്ദ്രൻ വാക്കൗട്ട് നടത്തി)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭയിൽ നിന്ന് പുറത്തുപോയ അംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ തിരിച്ചെത്തി.)

(ചെയർമാൻമാരുടെ പാനൽ)